# സുവിശേഷ ധ്വനി

സുവിശേഷ സത്യങ്ങൾക്കായി നിലകൊള്ളുന്ന വൈ.എം.ഇ.എഫ്. ദ്വൈവാരിക

Suvisesha Dhwani Fortnightly Reg. No. RN. 29475/78 Vol. 37 Issue 22

05 ജൂലൈ 2014 പുസ്തകം 37 ലക്കം 22 പേജ് 6


ഉൾപ്പേജുകളിൽ


| | |
|---|---|
| ◆ എഡിറ്റോറിയൽ | 2 |
| ◆ ഗോത്രങ്ങൾതേടി | 3 |
| ◆ വന്ന വഴികൾ | 4 |
| ◆ ക്വിസ് / വാർത്തകൾ | 5 |
| ◆ ചിന്ത / വാർത്തകൾ | 6 |


# അയോഗ്യൻ എങ്കിലും ആദരിക്കപ്പെട്ടവൻ

**ജോൺസൺ ലാസർ, ഉപ്പുകുന്ന്**

**ആ**ദ്യ പ്രസംഗത്തിലൂടെ മൂവായിരം ആളുകളെ കർത്താവിങ്കലേക്ക് ആകർഷിച്ച ആദരണീയനായ വ്യക്തിയാണ് അപ്പൊസ്തലനായ പത്രോസ്. സുവിശേഷം പ്രസംഗിക്കണമെന്ന നിയോഗം കർത്താവ് നേരിട്ട് നല്കിയത് താൻ തന്നെ തിരഞ്ഞെടുത്ത മൂന്നുവർഷം തന്റെ കൂടെ നടന്ന അരുമ ശിഷ്യന്മാർക്കാണ്. കർത്താവിന്റെ അന്ത്യനിയോഗവും അതു തന്നെയാണ്. അന്ത്യനിയോഗം പ്രാപിച്ച ശിഷ്യന്മാരിൽ ആദ്യമായി അതിനു നേതൃത്വം നൽകിയവൻ പത്രോസാണ് (മത്താ. 28:18,19).

**പരാജയങ്ങളെ വിജയത്തിന്റെ പാതകളാക്കിയ പടനായകൻ – പത്രോസിന്റെ ജീവിതത്തിലൂടെ ഒരു ഓട്ട പ്രദക്ഷിണം**

അപ്പൊസ്തലനായ പത്രോസിന്റെ ജീവിതം പഠിച്ചാൽ ഈ മഹത്വമുള്ള നിയോഗം പ്രാപിക്കുവാനുള്ള യോഗ്യത തനിക്കില്ലെന്ന് മനസ്സിലാക്കുവാൻ സാധിക്കും. കടലിലെ തിരമാലകളാൽ വലഞ്ഞ് കരകയറുവാനായി കഠിനപ്രയത്നം ചെയ്തുകൊണ്ടിരുന്ന ശിഷ്യന്മാരുടെ അടുക്കലേക്ക് കരുതുന്ന കരവുമായി കർത്താവ് വന്നപ്പോൾ അത് ഭൂതമാണെന്ന് തെറ്റിധരിച്ചവരാണ് ശിഷ്യന്മാർ. എന്നാൽ കർത്താവ് താൻ ആണെന്നു പറഞ്ഞപ്പോഴും പത്രോസിന്റെ സംശയം നിലനിന്നു. അവൻ കർത്താവേ, നീ ആകുന്നു എങ്കിൽ ഞാൻ വെള്ളത്തിന്മീതെ നടക്കണം എന്നു പറഞ്ഞു (മത്താ. 14:22–23). കഷ്ടതയുടെ നടുവിൽ കരുതലിന്റെ കരവുമായി വന്ന കർത്താവിനെ സംശയിച്ചവനാണ് പത്രോസ്. ഇന്നിന്റെ പ്രതികൂലങ്ങളുടെ നടുവിൽ കർത്താവ് താൻ നല്ല ഇടയനായി നമ്മുടെ അടുക്കൽ വരുമ്പോൾ സംശയിക്കുന്നവരാണോ നാം?

നാഥന്റെ കൂടെ നടന്നിട്ടും വാക്കുകളിലൂടെ പിശാചിന്റെ ഇഷ്ടം ചെയ്തവനാണ് പത്രോസ്. കാൽവറി ക്രൂശിലേക്ക് നടന്നു കയറി കാൽകരങ്ങൾ കാരിരുമ്പാണിയാൽ തറയ്ക്കപ്പെട്ട് ക്രൂശുമരണം അനുഭവിക്കേണ്ട എന്ന് കർത്താവിനെ ഉപദേശിക്കാൻ പത്രോസ് ഒരിക്കൽ തയ്യാറായി (മത്താ.16:21–23).അത് സാത്താന്റെ വാക്കാണെന്ന് കർത്താവ് അപ്പോൾ തന്നെ പറയുവാനിടയായി. മറുരൂപമലയിൽ തേജസ്കരിക്കപ്പെട്ട കർത്താവിനും, ഒപ്പം നിന്ന മോശെയ്ക്കും, ഏലിയാവിനും ഒരേ സ്ഥാനം നല്കി മൂവർക്കുമായി മൂന്നു കുടിലുകൾ പണിയാമെന്നും പത്രോസ് പറഞ്ഞു പോയി (മത്താ. 17:1–8). പത്രോസിനെപ്പോലെ നാമും എപ്പോഴെങ്കിലും ദൈവത്തിനും ദൈവഹിതത്തിനും എതിരായി നാക്ക് ചലിപ്പിച്ച വ്യക്തിയാണോ? നാവ് ഒരു തീയാണെന്നും, അത് മുഖാന്തരം പല വലിയ അപകടങ്ങൾ ഉണ്ടാവും എന്നും വചനം പറയുന്നു. നമ്മുടെ നാവ് കടിഞ്ഞാൺ ഇട്ടതും വാക്കുകൾ ഉപ്പിനാൽ രുചി വരുത്തിയതും ആയിരിക്കണം. ആരുടെയെങ്കിലും മേലുള്ള ദൈവഹിതത്തിന് എതിരായി നമ്മുടെ ആരുടെയെങ്കിലും നാവ് ചലിച്ചിട്ടുണ്ടോ? ദൈവം ഏല്പിച്ച ജോലികൾ മറ്റുള്ളവർ ദൈവത്തിനായി ചെയ്യുന്നതിൽ നിന്ന് നാം അവരെ നിരുത്സാഹപ്പെടുത്തിയിട്ടുണ്ടോ?

ആത്മവേദനയാൽ വലഞ്ഞിരുന്ന കർത്താവ് പ്രാർത്ഥിക്കുവാനായി പത്രോസിനെയും കൂട്ടി മാറിയിരുന്നപ്പോൾ കൂടെയിരുന്ന് പ്രാർത്ഥനയിൽ ജാഗരിക്കുന്നതിന് പകരം ഉറങ്ങിയവനാണ് പത്രോസ് (മത്താ. 26:40).

അനേകയാളുകളും പടയാളികളും കർത്താവിനെ പിടിക്കുവാനായി വന്നപ്പോൾ സ്വയത്തിൽ ആശ്രയിച്ച് വാൾ ഉപയോഗിച്ച ഒരേ ഒരു ശിഷ്യൻ പത്രോസാണ് (യോഹ. 18:10). കാനാവിലെ കല്യാണത്തിന് വെള്ളം വീഞ്ഞാക്കിയ, കടലിന്മേൽ നടന്ന, കാറ്റിനെയും കടലിനെയും ശാസിച്ച, കുരുടർക്ക് കാഴ്ച നല്കിയ കരുത്തനായ കർത്താവിനെ രക്ഷിക്കാൻ കത്തിയെടുത്ത പത്രോസ് കർത്താവിന്റെ ദൈവത്വം ആണ് മറന്നത്. ഇന്ന് നമുക്കോ സഭയ്ക്കോ എന്തെങ്കിലും പ്രശ്നം ഉണ്ടാവുമ്പോൾ കർത്താവിന്റെ കരുത്തിൽ ആശ്രയിക്കാതെ കത്തിയെടുത്ത് സ്വയത്തിൽ ആശ്രയിക്കുന്നവരാണോ നാം?

➢ശേഷം 4–ാം പേജിൽ

**ഒന്നാം സങ്കീർത്തനത്തിൽ പരിഹാസികളുടെ ഇരിപ്പിടത്തിൽ ഇരിക്കുന്നവർ ശപിക്കപ്പെട്ടവരാണെന്ന് ചൊല്ലി പഠിച്ചിട്ടും, പഠിപ്പിച്ചിട്ടും, ക്ലാസ് മുറിയിലും, കടത്തിണ്ണയിലും, ഓഫീസിലും, പാർട്ടികളിലും, ക്ലബ്ബുകളിലും, നമ്മുടെ ഇരിപ്പിടം ആരുടെ കൂടെയാണ്. ഓർക്കുക പരിഹാസികളുടെ കൂടെയുള്ള ഇരിപ്പാണ് കർത്താവിനെ തള്ളിപ്പറയുവാൻ പത്രോസിനു കാരണമായിത്തീർന്നത്.**

വൈ.എം.ഇ.എഫ്. സൗത്ത് ഡിവിഷൻ ട്രസ്റ്റ് ഈറോഡ് അനുധാവനം

## വചന നിറവു കാത്ത് വാൾപ്പാറ കുന്നുകൾ

**തേ**യിലത്തോട്ടങ്ങൾ നിറഞ്ഞു നിൽക്കുന്ന വാൾപ്പാറക്കുന്നുകളിൽ സുവിശേഷത്തിന്റെ സത്യവചനം നിറയ്ക്കാൻ ശ്രമിച്ച് വൈ.എം.ഇ.എഫ്. സൗത്ത് ഡിവിഷൻ ടീം. പൊള്ളാച്ചി സ്ഥലം സഭയിലെ സുവിശേഷകൻ ഷാജി ജെ. പോളിന്റെ ആത്മീയ താൽപര്യപ്രകാരം 2014 ജൂൺ 16 മുതൽ 20 വരെ നടന്ന പ്രവർത്തനം വളരെ അനുഗ്രഹകരമായി സമാപിച്ചു. കേരളത്തിന്റെ അതൃത്തിയോട് ചേർന്നു കിടക്കുന്ന സ്ഥലമാണെങ്കിലും (ചാലക്കുടിയിൽ നിന്നും ഏകദേശം 100 കി.മീ.) തമിഴരായ തോട്ടം തൊഴിലാളികൾ മാത്രം തിങ്ങിപ്പാർക്കുന്നു. ഇതിൽ വാൾപ്പാറ, ഇഞ്ചിപ്പാറ, ഷോളയാർ ഡാം, ഉരുളിക്കൽ, പെരിയനഗർ മുതലായ സ്ഥലങ്ങൾ കേന്ദ്രീകരിച്ചായിരുന്നു പ്രവർത്തനം. സി.എസ്.ഐ. വിഭാഗത്തിൽ പെട്ട ധാരാളം പേർ വസിക്കുന്ന ഈ സ്ഥലത്ത് വളരെ പ്രവർത്തന സാധ്യതയുണ്ട്. വാൾപ്പാറ ടൗണിൽ നമുക്ക് ഒരു സ്ഥലം സഭയുണ്ട്. സുവിശേഷകൻ ജോൺ മുത്തുസ്വാമി അവിടെ പ്രവർത്തിക്കുന്നു. വാൾപ്പാറയിൽ നിന്ന് കേരള റൂട്ടിൽ 15 കി.മീ. ദൂരത്തുള്ള ഷോളയാർ, ഉരുളിക്കൽ പ്രദേശങ്ങളിൽ താമസിച്ചു പ്രവർത്തിക്കാൻ ആരെങ്കിലും ഉണ്ടെങ്കിൽ വളരെ സാധ്യതകളുണ്ട്. ദൈവജനം പ്രത്യേകാൽ ഈ സ്ഥലങ്ങളെ ഓർത്ത് പ്രാർത്ഥിക്കുക.

### ടീം ചിന്നസേലത്ത് തുടരുന്നു

സൗത്ത് ഡിവിഷൻ ടീം പ്രവർത്തനം അനുഗ്രഹകരമായി തുടരുന്നു. ആത്തൂർ, കല്ലക്കുറുച്ചി പ്രദേശങ്ങളിലുള്ള ഗ്രാമങ്ങൾ മിക്കവാറും സന്ദർശിച്ചു കഴിഞ്ഞതിനാൽ കൂടുതൽ സമയവും ചിന്നസേലത്ത് കേന്ദ്രീകരിച്ചാണ് പ്രവർത്തിക്കുന്നത്. ആഴ്ചയിൽ മൂന്നു ദിവസം ചിന്നസേലത്തും ഓരോ ദിവസം വീതം ആത്തൂരും കല്ലക്കുറിച്ചിയിലും പ്രവർത്തിക്കുന്നു. ദൈവജനം തുടർന്നും പ്രാർത്ഥിക്കുക.

ഡിവിഷണൽ സെക്രട്ടറി

ഈ ലക്കം മുതൽ പുതിയ പംക്തി

## "വന്ന വഴികൾ"

**പ**തിറ്റാണ്ടുകൾക്കു മുമ്പ് സുവിശേഷീകരണ രംഗത്തും സഭാവളർച്ചയിലും നാം അഭിമുഖീകരിക്കേണ്ടി വന്ന പ്രതിസന്ധികളും, ഒപ്പം ദൈവം ഒരുക്കി തന്ന ആനുകൂല്യങ്ങളും, അവസരങ്ങളും ഈ തലമുറ അറിഞ്ഞിരിക്കേണ്ടതു തന്നെയാണ്. നാം നമ്മെത്തന്നെ താഴ്ത്തുവാനും, പ്രവർത്തനങ്ങളിൽ മടുപ്പുകൂടാതെ മുന്നേറുവാനും അതു നമ്മെ സഹായിക്കും. ജീവിതാനുഭവങ്ങൾ നമുക്കു പുതിയ പാഠങ്ങൾ നല്കുകയും ഗൃഹാതുരത ഉണർത്തുകയും ചെയ്യും. അവ ചിലപ്പോൾ ചിലരെയെങ്കിലും ഗുണപരമായി വേദനിപ്പിച്ചു എന്നും വരാം. എങ്കിലും സത്യത്തിനു മുഖപക്ഷമില്ല. അതിനാൽ കടന്നു വന്ന വഴിത്താരയിൽ വന്നു പോയ പിഴവുകൾ തിരുത്തുവാൻ അത് പുതുതലമുറയ്ക്ക് വഴികാട്ടിയാവും.

വ്യക്തിപരമായും, സഭാരംഗത്തും, സുവിശേഷ പ്രവർത്തനങ്ങളിലും, വൈ.എം.ഇ.എഫ്. പ്രവർത്തനമേഖലകളിലും ദീർഘവർഷത്തെ വ്യത്യസ്ത അനുഭവങ്ങൾ പുകമറയോ പൊയ്മുഖമോ ഇല്ലാതെ **ബ്രദർ ഇ.ജെ. പൈലി,** അങ്കമാലി പങ്കുവയ്ക്കുന്ന ***"വന്ന വഴികൾ"*** എന്ന പുതിയ പംക്തി ഈ ലക്കം മുതൽ ആരംഭിക്കുന്നു. *4–ാം പേജ് കാണുക.*

## സൗത്ത് വെസ്റ്റ് ബ്രദറൺ കോൺഫറൻസ് സമാപിച്ചു

**ഹൂസ്റ്റൺ:** ഇരുപത്തെട്ടാമത് സൗത്ത് വെസ്റ്റ് ബ്രദറൺ കോൺഫറൻസ് ജൂൺ 13 മുതൽ 15 വരെ ഹൺസ് വില്ലിലുള്ള സാം ഹൂസ്റ്റൺ സ്റ്റേറ്റ് യൂണിവേഴ്സിറ്റിയിൽ അനുഗ്രഹകരമായി നടന്നു. വിശ്വാസികൾ "ഒരുക്കമുള്ളവരായിരിക്കണം" എന്നതായിരുന്നു മുഖ്യ ചിന്താവിഷയം. സഹോദരന്മാരായ സാം ചെറിയാൻ, ബ്രയാൻ ഗണ്ണിംഗ്, നെയിറ്റ് ബ്രാംസെൻ, എന്നിവരായിരുന്നു മുഖ്യ പ്രഭാഷകർ. ഇന്ത്യയിൽ നിന്നു വന്ന സഹോദരന്മാരായ പി.എം. ഏബ്രഹാം, പി.എം. മാത്തുക്കുട്ടി (ബാംഗ്ലൂർ), തിലക് പപ്പു (ഡൽഹി), ജോർജ്ജ് മാത്യു, മാത്യൂ പോൾ, തോമസ് നൈനാൻ എന്നിവർ വിവിധ ശുശ്രൂഷകളിൽ പങ്കെടുത്തു. സഹോദരന്മാരായ പി.വി. നൈനാൻ സെക്രട്ടറിയായും, വർഗ്ഗീസ് ചാക്കോ ട്രഷററായും, സാജൻ ചെറിയാൻ അസിസ്റ്റന്റ് ട്രഷററായും, ജേക്കബ് തോമസ് – ഡാളസ് കോ-ഓർഡിനേറ്ററായും, ഫിലിപ്പ് വടക്കൻ – ഒക്കലഹോമ കോ-ഓർഡിനേറ്ററായും പ്രവർത്തിച്ചു. സഹോദരന്മാരായ ജെറി മോഡിയിൽ, വിനയ് മാത്യൂസ് കുട്ടികളുടെയും ചെറുപ്പക്കാരുടെയും മീറ്റിംഗുകളും വിശ്വാസികളുടെ താലന്തിന്റെ മീറ്റിംഗ് ബേബി മാത്യുവും നയിച്ചു. ടെക്സാസ്, ഒക്കലഹോമ, ഡെൻവർ, ഇന്ത്യ തുടങ്ങിയ സ്ഥലങ്ങളിൽ നിന്നു ധാരാളം വിശ്വാസികൾ ഈ കോൺഫറൻസിൽ പങ്കെടുത്തു. സഹോദരന്മാരുടെ മീറ്റിംഗിൽ ബ്രദർ പി.എം. ഏബ്രഹാമും സഹോദരിമാരുടെ മീറ്റിംഗിൽ ബ്രദർ മാത്യു പോളും സംസാരിച്ചു. മിഷൻ ഫോക്കസിൽ ഇന്ത്യയിൽ നിന്നുള്ള സഹോദരന്മാരും ഹൂസ്റ്റണിൽ നിന്നുള്ള സഹോദരന്മാരായ ചാൾസ് ഡാനിയേൽ, വിനയ് മാത്യൂസ് എന്നിവർ സാക്ഷ്യം പറഞ്ഞു. വളരെ അനുഗ്രഹിക്കപ്പെട്ട നിലയിൽ കോൺഫറൻസ് സമാപിച്ചു.

ഡോ. മാത്യൂ വൈരമൺ

**വൈ.എം.ഇ.എഫ്. ജനറൽ ക്യാമ്പ് 2014, സെപ്റ്റംബർ 8 മുതൽ 12 വരെ ബേത്‌ലഹേം ഇംഗ്ലീഷ് മീഡിയം സ്കൂൾ, നെന്മാറ (പാലക്കാട്). പ്രാർത്ഥിക്കുക, ഒരുങ്ങുക...**

സുവിശേഷ ധ്വനി

സുവിശേഷ സത്യങ്ങൾക്കായി നിലകൊള്ളുന്ന വൈ.എം.ഇ.എഫ്. ദ്വൈവാരിക

ജൂലൈ 05

പുസ്തകം 37, ലക്കം 22

# നാളെയുടെ തിരിനാളം കെട്ടുപോകുമോ?

**അ**ന്ധകാരം ഭൂമിയേയും കൂരിരുട്ട് ജാതികളേയും മൂടി കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ഭാവി തലമുറയെപ്പറ്റി ലോകം ചിന്തിച്ചു തുടങ്ങിയിരിക്കുന്നു. ഭരണാധികാരികളുടെയും, മക്കളെക്കുറിച്ച് ആത്മാർത്ഥമായി ചിന്തിക്കുന്ന മാതാപിതാക്കളുടെയും മനസ്സിനെ തൊട്ടുണർത്തിക്കൊണ്ട് ലോകം ഉണർന്നു കഴിഞ്ഞു. ഇത് കണ്ടറിയണമെങ്കിൽ മാതാപിതാക്കളുടെ ഹൃദയം തുറക്കണം, ഭരണാധികാരികളുടെ കണ്ണുകൾ തുറക്കണം, സമൂഹവും ഉണരേണം.

ഈ വർഷം പത്താം ക്ലാസ്സിലേക്ക് പ്രവേശനം ലഭിച്ച ഏക മകനു വേണ്ടി കൊച്ചിയിലെ വൈപ്പിൻകാരായ മാതാപിതാക്കൾ ആഭ്യന്തര മന്ത്രിയുടെ മുന്നിലെത്തിയത് ലഹരിയുടെ പിടിയിൽ അമർന്ന മകനെ രക്ഷിക്കണമെന്നുള്ള അഭ്യർത്ഥനയുമായിട്ടാണ്. ഇനി വൈകിയാൽ മകൻ കൈവിട്ടുപോകുമോ എന്ന് അവർ ഭയപ്പെടുന്നു. ഇതുപോലെ മദ്യത്തിന്റെയും ലഹരി വസ്തുക്കളുടെയും നീർച്ചുഴിയിൽ പെട്ട് കൈവിട്ട് അകന്നു പോകുന്ന മക്കളുള്ള കുടുംബങ്ങൾ കേരളത്തിൽ വർദ്ധിച്ചുവരികയാണ്. നിലവാരമില്ലാത്ത നാനൂറിലധികം ബാറുകൾ അടച്ചു. ബാറുകൾ അടച്ചാൽ മദ്യപാന ആസക്തി മനുഷ്യരിൽ കുറയും എന്നാണ് ഭരണാധികാരികൾ കരുതുന്നത്. എന്നാൽ അതേ സമയം 'ബെവറിജ്' കോർപ്പറേഷന്റെ വരവ് ക്രാമാതീതമായി വർദ്ധിച്ചിരിക്കുന്നു എന്നാണ് അവരുടെ തന്നേ കണക്കു പറയുന്നത്. മദ്യാപാന ആസക്തി മനുഷ്യരിൽ പ്രായ വ്യത്യാസം ഇല്ലാതെ വർദ്ധിച്ചു വരികയാണ്. നിയമം കൊണ്ട് പൂർണ്ണമായി തടയുവാൻ കഴിയുന്ന ഒന്നല്ല ഇത്. പ്രത്യുത ബോധവൽക്കരണം കൊണ്ടും, ദൈവാത്മാവിന്റെ പ്രവൃത്തികൊണ്ടും മനുഷ്യരിൽ ഒരു മാനസാന്തരത്തിന്റെ അനുഭവം ഉടലെടുത്താൽ മാത്രമെ ഇതിനൊരു പരിഹാരം ഉണ്ടാകയുള്ളൂ.

ഈ രോഗം വളരുന്ന തലമുറയെ ആരോഗ്യപരമായും മാനസികമായും ആത്മികമായും നശിപ്പിക്കുന്നു എന്ന് അവർ അറിയുന്നില്ല. സമൂഹത്തിൽ, രാജ്യത്തിൽ ഇതിന്റെ ഫലമായി അക്രമങ്ങളും അനീതികളും വർദ്ധിച്ചു വരികയാണ്. ദൈവത്തിന്റെ സ്വന്തനാടെന്ന് പേരുകേട്ട കേരളം പൈശാചിക പ്രവർത്തനത്തിന്റെ ഈറ്റില്ലമായി മാറിക്കൊണ്ടിരിക്കയാണ് എന്ന് ഓരോ ദിവസവും നടക്കുന്ന സംഭവങ്ങൾ തെളിയിക്കുന്നു. യു.പി. ക്ലാസ്സുകൾ മുതൽ മേലോട്ടു വിദ്യാലയങ്ങളിൽ ക്ലാസ്സുകളിലേക്ക് പോകാൻ അധ്യാപിക - അധ്യാപകന്മാർ പോലീസ് സഹായം തേടേണ്ട നാളുകൾ അധികം വിദൂരമല്ലായെന്നാണ് സംഗതികൾ വെളിപ്പെടുത്തുന്നത്. ഇന്ന് ആത്മീയ ഗോളത്തിലേക്ക് ഇതിന്റെ കാറ്റ് വീശുന്നുണ്ടെന്ന് കേൾക്കുന്നു. ഇത് മുറുകെപ്പറ്റുന്ന ഒരു പാപമാണ്. ഇത് നമ്മിൽ നിന്ന് അകറ്റാതെ, ഞായറാഴ്ച കടന്നുവന്ന് കർത്തൃമേശയിൽ പങ്കെടുക്കുന്നവർ അനുഗ്രഹിക്കപ്പെടുകയില്ല. പിന്നെയോ ശാപവും ശിക്ഷാവിധിയും ഏറ്റുവാങ്ങുകയാണ്. ഇത് എത്രയോ ദുഃഖകരമാണ്. ലോകം പകയ്ക്കുന്നത് നമ്മിലോ! എന്തെല്ലാം അനീതികളാണ് ഇതുമൂലം നാട്ടിൽ നടക്കുന്നത്. രാജ്യം മുഴുവനും കിരാതമായ ഈ സ്വഭാവത്തിന്റെ പിടിയിൽ ഓരോ ദിവസവും അമർന്നു കൊണ്ടിരിക്കയാണ്.

ഇതിന്റെ പരിഹാരത്തിനു വേണ്ടിയും, കേരള ജനസമൂഹത്തെ രക്ഷിക്കുന്നതിനായും ഭരണാധികാരികളിൽപ്പോലും നല്ല ആശയം ഉദിച്ചിരിക്കുന്നു. മുകളിൽ പറഞ്ഞിരിക്കുന്ന കുടുംബത്തിന്റെ കണ്ണീർ കണ്ടതിനാൽ ആഭ്യന്തര മന്ത്രി ഇതിനെതിരായി ഒരു 'ഓപ്പറേഷൻ' ആരംഭിച്ചിട്ടുണ്ട്. അതു നല്ലതു തന്നെ.

ദൈവമക്കളെ! പുതിയ വിദ്യാഭ്യാസ വർഷത്തിലേക്കും, ഉയർന്ന ക്ലാസ്സുകളിലേക്കും കാലുകൾ എടുത്തുവെച്ച നമ്മുടെ മക്കളെക്കുറിച്ച് നാം എത്രമാത്രം കരുതുന്നുണ്ട്. വഷളത്വവും വക്രതയും നിറഞ്ഞ തലമുറയുടെ മധ്യെ നമ്മുടെ മക്കൾ വിശ്വാസത്തിന്റെ സാക്ഷ്യം നിലനിർത്തി ജീവിക്കുക എന്നുള്ളത് ഒരു വലിയ പോരാട്ടം തന്നെയാണ്. ഓരോ വർഷവും പുതിയ അനുഭവങ്ങളും പരിഷ്കാരങ്ങളും രംഗപ്രവേശനം ചെയ്യുന്ന മേഖലയായി വിദ്യാഭ്യാസ സ്ഥാപനങ്ങൾ മാറിക്കഴിഞ്ഞു. അതിന്റെ മധ്യെ ദൈവമക്കളുടെ 'ഐഡന്റിറ്റി' വെളിപ്പെടുത്തുവാൻ നമ്മുടെ മക്കൾക്കു കഴിയുമോ? അതോ ആ തലമുറയോട് ഇഴുകി ചേർന്ന് പോകുമോ? അതാണോ കൂടുതൽ താല്പര്യം. ഈ താല്പര്യത്തെ പോഷിപ്പിക്കുന്ന മാതാപിതാക്കൾ ആണോ നാം. അങ്ങനെയാണെങ്കിൽ നമ്മുടെ ആത്മീയ മൂല്യങ്ങളെ ബലികഴിക്കുന്ന ഈ സമൂഹത്തിൽ ജീവിക്കുന്ന നമുക്ക് ആത്മിക കാഴ്ചപ്പാട് മങ്ങിപ്പോയിരിക്കുന്നു.

മക്കളല്ലെ, ചെറുപ്പമല്ലെ കുറച്ചൊക്കെ ലോകത്തിന്റെ പ്രാകൃത ജീവിത ശൈലി വന്നു ചേർന്നു എന്നു വരാം. ഇങ്ങനെയുള്ള ചിന്ത ഇന്നല്ലെങ്കിൽ നാളെ നമ്മെയും നമ്മുടെ മക്കളെയും കണ്ണുനീരിന്റെ താഴ്‌വരയിലേക്ക് കൊണ്ടെത്തിക്കും. ആ പാവപ്പെട്ട മാതാവിന് മന്ത്രിയുടെ അടുത്തേക്ക് ചെല്ലാനെങ്കിലും കാഴ്ചപ്പാട് ഉണ്ടായി. എന്നാൽ നമുക്കോ ചെല്ലുവാൻ ഒരു കൃപാസനം ഉണ്ട്.

നാളെയുടെ പ്രതീക്ഷയോടെ വളർത്തിയ മക്കൾ നഷ്ടപ്പെട്ടവർ നമ്മുടെ മുന്നിലുണ്ട്. എന്നാൽ നമുക്ക് അത് ഭവിക്കാതിരക്കട്ടെ. അവർക്കു വേണ്ടി കണ്ണുനീരോടെ പ്രാർത്ഥിക്കാം. കാരണം നാളെയുടെ തിരിനാളങ്ങളായ അവർ കെട്ടു പോകാതെ കത്തട്ടെ. അവർ ഒരു പ്രകാശമായി മാറട്ടെ. കുടുംബത്തിന്റെ മാത്രമല്ല സഭയ്ക്കും കർത്താവിന്റെ മഹത്വത്തിനും ആകട്ടെ. കർത്താവിന്റെ ബലമുള്ള കരങ്ങളിലേക്ക് അവരെ നമുക്ക് സമർപ്പിക്കാം.

*ടി.വി. സൈമൺ*

**വഴിതെറ്റുന്ന മക്കൾ കുടുംബങ്ങളെയും സഭകളെയും തകർക്കുന്നു.**



വിളക്കും വെളിച്ചവും

# കാലിന്ന് ദീപം പാതയ്ക്ക് പ്രകാശം

**വ**ചന വായന ശീലമാക്കിയവർക്ക് ശീർഷകം മനസ്സിലാക്കുവാൻ പ്രയാസമുണ്ടാവില്ല. ദാവീദ് എഴുതി എന്ന് വിചാരിക്കുന്ന തിരുവെഴുത്തിലെ ഏറ്റവും നീളം ഏറിയ പദ്യത്തിലെ ഒരു ശകലം. സങ്കീ. 119:105 "നിന്റെ വചനം എന്റെ കാലിന് ദീപവും എന്റെ പാതയ്ക്ക് പ്രകാശവും ആകുന്നു." വചനത്തെ വാൾ, ചുറ്റിക, പാല്, തേൻ, വെള്ളം, അഗ്നി, ഭക്ഷണം തുടങ്ങി പലതിനോടും ഉപമിച്ചിട്ടുണ്ട്. ചിന്തയ്ക്ക് ആധാരമായ പദ്യശകലത്തിൽ വചനത്തെ ദീപം അല്ലെങ്കിൽ പ്രകാശത്തോട് ഉപമിച്ചിരിക്കുന്നു. ഇരുട്ടിനെ അകറ്റാൻ, വഴിയിൽ പതിയിരിക്കുന്ന അപകടങ്ങളെ കടന്നുപോകുവാൻ, മറ്റുള്ളവരെ കാണുവാൻ, കണ്ണുകൾക്ക് വെളിച്ചം തരുവാൻ ഒക്കെ പ്രകാശത്തിന് കഴിവുണ്ട്. വചനമെന്ന ദീപം ഈ നിലകളിൽ വിശ്വാസിയുടെ ജീവിതത്തിൽ പ്രവർത്തിക്കുന്നുണ്ട്. പ്രകാശ കിരണങ്ങൾക്ക് അതി വേഗമാണ്. വചനം പ്രവർത്തിക്കാൻ തുടങ്ങിയാൽ നാം കരുതുന്നതിനേക്കൾ വേഗത്തിൽ മനുഷ്യനിൽ വ്യത്യാസങ്ങൾ വരും.

വചനത്തെ ദീപത്തോട് ഉപമിച്ചിരിക്കുന്നു. സമാഗമനകൂടാരത്തിലെ ചില വസ്തുതകളോടു ബന്ധപ്പെടുത്തി ചിന്തിച്ചാൽ കുറച്ചുകൂടി വ്യക്തത ലഭിക്കും. സമാഗമന കൂടാരത്തിലെ നിലവിളക്ക് നിത്യം കത്തിക്കൊണ്ടിരിക്കേണ്ടതിന് ഇടിച്ചെടുത്ത തെളിവുള്ള ഒലിവെണ്ണ കൊണ്ടുവരുവാൻ യഹോവ യിസ്രായേൽമക്കളോടു കല്പിക്കുന്നു (പുറ. 27: 20,21). ആ നിലവിളക്ക് കെടാതെ സൂക്ഷിക്കുവാൻ ഉത്തരവാദിത്തം യിസ്രായേൽ മക്കൾക്കാണ്. ആ നിലവിളക്ക് നിരന്തരം കത്തിക്കൊണ്ടിരിക്കുന്നത് കാണിക്കുന്നത് അവർ യഹോവയുടെ വചനം അനുസരിക്കുന്നു എന്നതാണ്. ദീപം കെടാതിരിക്കാൻ അവരുടെ പ്രയത്നം യഹോവ ആവശ്യപ്പെടുന്നു. തിരുവെഴുത്തിന് അപമാനം വരുന്ന വികട പ്രവൃത്തികൾ വിശുദ്ധരിൽ നിന്ന് അശുദ്ധ പ്രവൃത്തികളായി പുറപ്പെടരുത് എന്നൊരു ചിന്ത ഇവിടെയുണ്ട്. വചനമെന്ന ദീപം നിരന്തരം കത്തിക്കൊണ്ടിരിക്കാൻ നമ്മുടെ സാക്ഷ്യവും അതിനായുള്ള പ്രയത്നവും ദൈവം നമ്മിൽ നിന്ന് ആവശ്യപ്പെടുന്നുണ്ട്. ശമുവേലിന്റെ രണ്ടാം പുസ്തകത്തിൽ കായബലം ക്ഷയിച്ച് പണ്ടേ പോലെ വാൾപിടിയിൽ വിരലുകൾ മുറുക്കിപിടിക്കാൻ കഴിയാതെ രണഭൂമിയിൽ അപ്രതീക്ഷിതമായി തളർന്നുപോയ ദാവീദിനെ യൗവ്വനക്കാർ ഒരരികിലേക്ക് മാറ്റിനിർത്തി പൂർണ്ണ ബഹുമാനത്തോടെ പറയുന്നത്, "നീ യിസ്രായേലിന്റെ ദീപം കെടുക്കാതിരിക്കേണ്ടതിന് മേലാൽ ഞങ്ങളോടു കൂടെ യുദ്ധത്തിന് പുറപ്പെടരുത്" എന്നാണ്. ദാവീദ് സ്വയം വളർത്തിയെടുത്ത ഒരു പുതു തലമുറ ദീപശിഖ കയ്യിലേന്താൻ തയ്യാറായി നിൽക്കുന്നു. യിസ്രായേലിന്റെ ദീപം കെടുപ്പോകാതെ ഞങ്ങൾ സൂക്ഷിക്കും എന്ന് അവർ അഭിമാനത്തോടെ പ്രഖ്യാപിക്കുന്നു. നമ്മുടെ സഭകളിലെ ന്യൂ ജനറേഷൻ യൗവ്വനത്തിന്റെ സ്ഥിതി ആശാജനകമോ, ആശങ്കാ ജനകമോ എന്നത് അവരവർ സ്വയം വിലയിരുത്തേണ്ടതാണ്. വചനദീപം കെടുത്തിക്കളയാത്ത അനന്തര തലമുറയെ വാർത്തെടുക്കുന്നതിൽ നാം വിജയിച്ചിട്ടുണ്ടോ?

വചനമെന്ന പ്രകാശവും സമാഗമനകൂടാരത്തിലെ നിലവിളക്കും തമ്മിലുള്ള താരതമ്യത്തിൽ പിന്നെയും കാണുവാൻ കഴിയുന്നത് സമാഗമനകൂടാരത്തിലെ ആദ്യഭാഗത്ത് നിലവിളക്ക് വെച്ചു എന്നതാണ്. (എബ്രാ. 9:2). നിലവിളക്കിലെ പ്രകാശം നിരന്തരം കത്തിക്കൊണ്ടിരിക്കുന്നത് യിസ്രായേൽമക്കളുടെ ശ്രമഫലം എന്നു കണ്ടു. വചനമെന്ന പ്രകാശത്തിന് അപമാനം വരാതെ സൂക്ഷിക്കേണ്ടത് വിശ്വാസിയുടെ ചുമതലയാണ് എന്നു കണ്ടു. സമാഗമനകൂടാരത്തിൽ ആദ്യഭാഗത്ത് നിലവിളക്ക് വെച്ചതുപോലെ വിശ്വാസിയുടെ ജീവിതത്തിലെ പ്രഥമ മുൻഗണന വചനത്തിനാണ്. യോശുവയോടു പറഞ്ഞത് "നീ ചെല്ലുന്നേടത്തൊക്കെയും ശുഭമായിരിക്കേണ്ടതിന് വചനം വിട്ട് ഇടത്തോട്ടോ വലത്തോട്ടോ മാറരുത്" എന്നാണ്. സങ്കീർത്തനക്കാരൻ പാടിയത് "യഹോവയുടെ ന്യായപ്രമാണത്തിൽ സന്തോഷിച്ച് അവന്റെ ന്യായപ്രമാണത്തെ രാപ്പകൽ ധ്യാനിക്കുന്നവർ ഭാഗ്യവാൻ" എന്നാണ്. ആയതിനാൽ അനാവശ്യമായ സമ്പ്രദായങ്ങളും പാരമ്പര്യങ്ങളും കൊണ്ട് വചനത്തെ ദുർബലപ്പെടുത്താതിരിപ്പാൻ ജാഗ്രതയുള്ളവരായിരിക്കണം.

"നിന്റെ വചനം എന്റെ കാലിന് ദീപം" ഇതൊരു വിചിത്രമായ പ്രസ്താവനയാണ്. സാധാരണ വെളിച്ചത്തിന്റെ ആവശ്യം കണ്ണിനാണ്. എന്നാൽ ഇവിടെ കാലിനാണ് വെളിച്ചത്തിന്റെ ആവശ്യം എന്നു പറയുന്നത്. രാത്രിയിൽ സാധാരണ പറയുക "കണ്ണ് കാണാൻ വയ്യ ടോർച്ചെന്നെടുത്തേ" എന്നൊക്കെയാണ്. അന്ധന്മാരെ സംബന്ധിച്ചിടത്തോളം കണ്ണു കാണാൻ അവർവെളിച്ചം ആവശ്യപ്പെടില്ല. കാരണം വെളിച്ചം ആവശ്യമായി വരുന്നത് അവരുടെ കാലിനാണ്. അവരുടെ കാഴ്ച അവർക്ക് കാലിനാണ്. അപ്പോൾ സങ്കീർത്തനക്കാരൻ അന്ധനാണോ? അതേ പാപത്തിന് താൻ അന്ധനാണ്, ഭോഗങ്ങൾക്കു താൻ അന്ധനാണ്, അരുതായ്മകൾക്കു താൻ അന്ധനാണ്. 119-ാം സങ്കീർത്തനത്തിൽ താൻ ആകെ കാണുന്നത് ന്യായപ്രമാണം മാത്രമാണ്. വചനം, ചട്ടങ്ങൾ, ന്യായപ്രമാണം ഈ വാക്കുകൾ അനേക പ്രാവശ്യം ആവർത്തിച്ചു വരുന്നതായി കാണാം. ബാക്കി എല്ലാത്തിനും താൻ അന്ധനാണ്. നയിക്കപ്പെടാനും, വെളിച്ചത്തിനായും, വചനമല്ലാതെ താൻ വേറൊന്നും കാണുന്നില്ല. അതൊരു അനുഗൃഹീത നില തന്നെയാണ്. നയന മോഹങ്ങളെ അനുസരിക്കാത്ത കാലിന്റെ ചിത്രം കൂടിയാണിത്. പാപത്തിന്റെ വർണ്ണങ്ങൾ കണ്ണിനെ മഞ്ഞളിപ്പിക്കുമ്പോഴും വചനപ്രഭയിൽ നിന്ന് പാപാന്ധകാരത്തിന്റെ ചതുപ്പിലേക്ക് ഓടാൻ വെമ്പൽ കൊള്ളാത്ത നല്ല കാലിന്റെ ഉടമയാണ് താൻ. പരീക്ഷകൾ, പ്രലോഭനങ്ങൾ ഇവ ഉണ്ട്. പക്ഷെ കാൽ വഴുതി വീഴുന്നില്ല. ഉദാ. യോസഫ്.

നിന്റെ വചനം "എന്റെ" കാലിന് ദീപം "എന്റെ" പാതയ്ക്ക് പ്രകാശം. എനിക്ക് എന്റെ കാലിൽ നിൽക്കാനുള്ള ത്രാണി, എനിക്ക് എന്റേതായ പാത തരാനുള്ള ശേഷി വചനത്തിനുണ്ട്. വചനവെളിച്ചത്തിൽ ആയിരിക്കണം സ്വന്തം പാത തെരഞ്ഞെടുക്കേണ്ടതും, സ്വന്തം കാലിൽ നില്ക്കുന്നതും. അല്ലാതെ മത്സരത്തിലോ വാശിയിലോ അരുത് പൗലോസ് ഇക്കാര്യം വ്യക്തമാക്കുന്നുണ്ട്. ഗലാ. 1:15–17, ഗലാ. 2:1,2; ഫിലി. 3:14; 2തിമൊ. 4:7. ➤➤

**സൈറസ് ബെനഡിക്റ്റ്, സരിഗാം**

ഗോത്രങ്ങൾ തേടി..... 82

## ശരീരത്തിൽ അയോഡിൻ അംശം കുറയുന്നത് ഇവരുടെയിടയിൽ ഏറെ ആരോഗ്യപ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്.



# നഹാലി

**ജനസംഖ്യ : 10,000**
**സാക്ഷരത : 10%**
**തിരുവചന ലഭ്യത : തിരുവചന പരിഭാഷ നിലവിലില്ല**



മഹാരാഷ്ട്ര സംസ്ഥാനത്തിലെ നന്ദൂർ ബാർ ജില്ലയിൽ സമുദ്രനിരപ്പിൽ നിന്ന് 1461 മീറ്റർ ഉയരത്തിൽ സ്ഥിതി ചെയ്യുന്ന തൊരാൻമാൽ ഒരുപക്ഷേ ലോകത്തിലെ തന്നെ ഏറ്റവും ശാന്തമായ സ്ഥലങ്ങളിൽ ഒന്നായിരിക്കും. സത്പുഡ പർവ്വതനിരകളിൽപ്പെട്ട ഏഴുമലകൾക്കിടയിൽ സ്ഥിതി ചെയ്യുന്ന തൊരാൻമാൽ വിവിധ ജന്തുജാലങ്ങളും സസ്യവർഗ്ഗങ്ങളും നിറഞ്ഞ ഒരു സ്ഥലമാണ്. ജനവാസം അധികം ഇല്ലാത്ത ചുരുക്കം സ്ഥലങ്ങളിൽ ഒന്നാണിത്. എന്നാൽ പ്രകൃതി സൗന്ദര്യം ഓരോ സന്ദർശകരേയും ഏറെ ആകർഷിക്കുന്നതാണ്. കാലാവസ്ഥ തണുപ്പുള്ളതും ഉന്മേഷം പകരുന്നതുമാണ്. മനോഹരമായ യശ്വന്ത് ജലതടാകം, ഗോരോഖ് നാഥന്റെയും നാഗാർജ്ജുനന്റെയും ഓരോ പുരാതന ക്ഷേത്രങ്ങൾ എന്നിവയാണ് ഇവിടുത്തെ പ്രധാന സന്ദർശന കേന്ദ്രങ്ങൾ. എന്നാൽ സ്ഥലവാസികളായ നാഹാലികൾ വളരെ ദരിദ്രരാണ്. അവരുടെ സാമ്പത്തിക സ്ഥിതി അവിടെയുള്ള വനങ്ങളെ ആശ്രയിച്ചിരിക്കുന്നു. ഇതിനുപരിയായി കർഷക തൊഴിലാളികളായി പണിയെടുക്കുന്നവർക്ക് ചെറിയ അധിക വരുമാനവും ഉണ്ട്. നഹാലികൾ വനത്തിനുള്ളിൽ താമസിക്കുന്നവരാകയാൽ നിരക്ഷരരാണ്. അവരുടെ ലോകം വളരെ ചെറുതാണ്. അവിടെ പതിവായി വരുന്ന ഒരു അധ്യാപകനും ചില കച്ചവടക്കാരും ഒഴികെ ആരുമായും അവർക്ക് സമ്പർക്കമില്ല. വളരെ അടുത്തകാലത്ത് നഹാലികൾ ചിലർ ടെലിവിഷനും മൊബൈൽ ഫോണും ഉപയോഗിച്ചു തുടങ്ങിയിരിക്കുന്നു. ആധുനിക ജീവിതത്തിനുള്ള ബന്ധം ഇതു മാത്രം. ആഡംബര ജീവിതത്തിനായി മാറ്റി വയ്ക്കാൻ അവരുടെ പക്കൽ പണമില്ല.

ക്രിസ്തുമതം ഏകദേശം 100 വർഷം മുമ്പ് ഇവിടെ എത്തിയെങ്കിലും അതിനുതക്കതായ ഒരു പ്രതിഫലനം സമൂഹത്തിലില്ല. നഹാലി ക്രിസ്ത്യാനികൾ ദൈനംദിന ജീവിതത്തിൽ അവരുടെ വിശ്വാസം പ്രകടിപ്പിക്കുന്നതിൽ പരാജയപ്പെടുന്നതാകാം ഇതിനു കാരണം. ഒരിക്കൽ വിശ്വാസത്തിൽ ആവേശഭരിതരായിരുന്ന ഇവർക്ക് ഇപ്പോൾ കർത്താവിനോടുള്ള അഭിനിവേശം കുറഞ്ഞിരിക്കുന്നു. ജീവിത രീതിയിൽ മറ്റ് നഹാലികളിൽ നിന്നും വ്യത്യാസം ഇല്ലാത്തതുപോലെ. കൂടുതലും താഴ്ന്ന ജാതികളിൽ പെട്ടവരാണ് ക്രിസ്ത്യാനികൾ ആകുന്നത് എന്ന ചിന്തയാണ് സുവിശേഷത്തോട് വിമുഖത കാണിക്കാൻ ഇവരെ പ്രേരിപ്പിക്കുന്ന മറ്റൊരു ഘടകം.

ഇവരുടെ മാതൃഭാഷയാകുന്ന നഹാലിയിൽ ദൈവവചനം നൽകാൻ കഴിഞ്ഞാൽ അത് അവരുടെ ജീവിതത്തിൽ വലിയ വ്യത്യാസം വരുത്തും. ക്രിസ്തുവിൽ എന്തു ചെയ്യാൻ കഴിയും എന്നതിൽ ഇവരുടെ ജീവിതം സാക്ഷ്യമായിത്തീരും.

### പ്രാർത്ഥനയ്ക്കായി

- നഹാലികൾ അന്ധവിശ്വാസങ്ങളിൽ നിന്നു വിടുവിക്കപ്പെടുന്നതിനും വിദ്യാഭ്യാസ കാര്യങ്ങളിൽ താൽപര്യം ജനിക്കുന്നതിനും...
- നഹാലി ക്രിസ്ത്യാനികൾ ദൈവേഷ്ടപ്രകാരം ജീവിക്കുവാനും അത് മറ്റുള്ളവരെ ക്രിസ്തുവിലേക്ക് നയിക്കുവാനും...
- ദൈവവചനം നഹാലി ഭാഷയിലേക്ക് പരിഭാഷ ചെയ്യപ്പെടുന്നതിന്...

**ഇ.ജെ.പി.** (കടപ്പാട്: എൻ.എൽ.സി.ഐ.)

➤➤

"നിന്റെ വചനം എന്റെ കാലിന് ദീപവും എന്റെ പാതയ്ക്ക് പ്രകാശവും"- ഇത് സഞ്ചരിക്കുന്ന, പ്രവർത്തനനിരതനായ ഒരു വിശ്വാസിയുടെ ചിത്രമാണ്. കാലിന് ദീപവും പാതയ്ക്ക് പ്രകാശവും സഞ്ചരിക്കുന്നവർക്കാണ് ആവശ്യം. ഉറങ്ങുന്നവർക്കും, അലസർക്കും, വെറുതെ സമയം കളയുന്നവർക്കും ആവശ്യമില്ല. വചനസഹായം തേടാത്ത, വായിക്കാത്ത, അതിൽ വളരാത്ത വിശ്വാസി ഉറങ്ങുന്നവനാണ്, പിൻമാറ്റ അവസ്ഥയിലാണ്. രാത്രിയിലെ ഭയം നിമിത്തം വാളെടുത്ത് ഇരിക്കുന്ന യുദ്ധ സമർത്ഥന്മാരെ ഉത്തമഗീത (3:6-8) ത്തിൽ കാണാം. അവർ പകലിലും രാത്രിയിലും ഒരേപോലെ സഞ്ചരിക്കുന്നവരാണ്. വാളെന്ന വചനത്തിന്റെയും വെളിച്ചമാകുന്ന വചനത്തിന്റെയും ആവശ്യം അങ്ങനെയുള്ളവർക്കാണ്. യെഹൂദന്മാരുടെ രാജാവായി പിറന്നവനെ കാണാൻ കൊതിച്ച് വിദ്വാന്മാർ സഞ്ചരിക്കാൻ തയ്യാറായപ്പോൾ അവർക്ക് വഴി കാണിക്കാൻ നക്ഷത്രം തയ്യാർ. രാത്രിയിലെ ഭയം, പകൽ പറക്കുന്ന അസ്ത്രം, ഇരുട്ടിൽ സഞ്ചരിക്കുന്ന മഹാമാരി, ഉച്ചയ്ക്കു നശിപ്പിക്കുന്ന സംഹാരം (സങ്കീ. 91:5-6) ഇതൊക്കെ നേരിടാൻ സാധ്യതയുള്ളത് സഞ്ചാരികൾക്കാണ്. അവർക്ക് വചനം വെളിച്ചമാണ്.

വചനം വെളിച്ചമാണെന്നും ദീപമാണെന്നും പലർക്കും അറിയില്ല. ഷണ്ഡന്റെ കയ്യിൽ വചനം എന്ന ദീപം ഉണ്ട്. പക്ഷെ പ്രകാശിക്കുന്നില്ല. ഫിലിപ്പോസ് എണ്ണയുമായി ചെന്ന് തിരികൊളുത്തി. ആ യാത്ര ഷണ്ഡന്റെയും ആഫ്രിക്കയുടെയും ചരിത്രം തിരുത്തിക്കുറിച്ചു. കാരാഗൃഹപ്രമാണി വെളിച്ചം ചോദിച്ച് അകത്തേക്ക് ചാടി വിറച്ച് പൗലോസിന്റെയും ശീലാസിന്റെ മുമ്പിൽ വീണു. അർദ്ധരാത്രിയിൽ പൗലോസും ശീലാസും പാടിസ്തുതിച്ചതൊന്നും പുള്ളി കേട്ടില്ല. നല്ല ഉറക്കമായിരുന്നു. തടവുകാർ ശ്രദ്ധിച്ചുകൊണ്ടിരുന്നു. എന്നാൽ അവർ രക്ഷിക്കപ്പെട്ടോ എന്ന് അറിയുവാൻ കഴിയുന്നില്ല. എന്നാൽ ഉറങ്ങിക്കൊണ്ടിരുന്ന കാരാഗൃഹപ്രമാണിയും അവന്റെ കുടുംബവും രക്ഷിക്കപ്പെട്ടു. വെളിച്ചം അന്വേഷിച്ചവന് ദീപങ്ങൾ കൊടുക്കാൻ ആരും ഉണ്ടായിരുന്നില്ല. എന്നാൽ അർദ്ധരാത്രിയിൽ അന്ധകാരം ജയിലറയെ ഗ്രസിച്ചു നിൽക്കുമ്പോൾ, അണഞ്ഞുപോയ ദീപങ്ങൾക്കു നടുവിൽ വിയർത്ത് വിവശനായി വെളിച്ചത്തിന്റെ നുറുങ്ങുവെട്ടം കാണാൻ കൊതിയോടെ അലറി നിലവിളിച്ച ആ മനുഷ്യനു മുമ്പിൽ നിത്യപ്രകാശമായ യേശുക്രിസ്തുവിനെ പൗലോസ് പകർന്നു നൽകി. വചനം എത്താത്തയിടങ്ങൾ കൂരിരുട്ടാണ്. ചരിത്രമത് വിളിച്ചോതുന്നു. വചനമാണ് വെളിച്ചമെന്ന് ലോകത്തിന് പറഞ്ഞുകൊടുക്കാൻ ബാധ്യത നമുക്കാണുള്ളത്.

"നിന്റെ വചനം കാലിന് ദീപം" അതായത് കാലിന് സ്വയമേ പ്രകാശമില്ല. അത്തരം കാലുകൾ അപകടകരമാണ്. മാനസാന്തരത്തിനു മുമ്പുള്ള പൗലോസിന്റെ കാലുകൾ ദൈവപുത്രനെ ചവിട്ടുന്നതായിരുന്നു. ഒരു പ്രായം വരെ സ്വന്തം കാലിന്റെ ശക്തിയിൽ, ബുദ്ധിയിൽ, കഴിവിൽ നടന്ന യാക്കോബിന് വചന വെളിച്ചമുണ്ടായിരുന്നോ? എന്നാൽ യബ്ബോക്ക് കടവു കടന്നു കഴിഞ്ഞപ്പോൾ അവൻ ദൈവിക വെളിച്ചത്തിൽ ആയി. ജഡികത നഷ്ടമായിത്തുടങ്ങിയതാണ് ആ മുടന്ത് കാണിക്കുന്നത്. മോശെയ്ക്ക് ദർശനമുണ്ടായപ്പോൾ ദൈവം പറയുന്നത് കാലിൽ നിന്ന് ചെരുപ്പ് ഊരണമെന്നാണ്. അവന്റെ കാലിൽ മറ്റൊരു ചെരുപ്പ് ഇടുവിക്കയാണ്. ഇനി അവന്റെ യാത്ര മറ്റൊരു ദിശയിലാണ്. വചനമില്ലെങ്കിൽ കാലിന് ദീപവും പാതയ്ക്ക് പ്രകാശവും ഇല്ല. ശൗൽ രാജാവിന് പാപം നിമിത്തം നഷ്ടമായത് വചനമാണ്. ഇരുട്ടിൽ തപ്പുന്ന അവൻ വെളിച്ചത്തിനായി വെളിച്ചപ്പാടത്തിയുടെ അടുക്കലേക്ക് ഓടി. മോശെ നാല്പത് ദിവസം ഒന്നു മാറി നിന്നപ്പോൾ ഇങ്ങ് താഴ്വരയിൽ ജനത്തിന് ദീപം നഷ്ടപ്പെട്ടു. ഭയാനകമായ ന്യായവിധിക്ക് കാരണമായി അതു മാറി.

വചനം കാലിന് പ്രകാശമെങ്കിൽ വചനം ജഡമായി തീർന്ന ക്രിസ്തുവിന്റെ കാൽ എങ്ങനെയുള്ളതാണ്. അവന്റെ കാൽ ഉലയിൽ ചുട്ടുപഴുപ്പിച്ച വെള്ളോട്ടിന് സദൃശം (വെളി. 1:15). അവന്റെ കാൽ തങ്കച്ചുവട്ടിൽ നിറുത്തിയ വെൺകൽത്തൂൺ (ഉത്ത. 5:15). ആ കാൽച്ചുവട്ടിൽ ഇരുന്നാണ് മറിയ തിരുമൊഴി ശ്രവിച്ചത് (ലൂക്കോ. 10:39). വിലയേറിയ സ്വച്ഛജടമാംസിതൈലം ആ കാലിലാണ് മറിയ പുരട്ടിയത് (യോഹ. 12:3). മരുഭൂമിയിലെ പരീക്ഷയിൽ പിശാചു പോലും പറയുന്നത് "നിന്റെ കാൽ കല്ലിനോട് തട്ടി പോകയില്ല" (മത്താ. 4) ആ കാൽച്ചുവട് നാം പിൻതുടരേണം എന്നാണ് പത്രോസിന് പറയാനുള്ളത് ( 1 പത്രോ. 2:21).

കവിത

# ക്രൂശിലെ കള്ളൻ

**എം.ആർ. ഷൈജു, ചാലക്കുടി**

കാൽവരിക്കുന്നിലാണ്ടുകൾക്കു മുൻപ്
കർത്തന്നരികിൽ കിടന്നതാം പാപി ഞാൻ
കളങ്കമറ്റ കർത്തനെയപരനോടൊത്ത്
കളിയാക്കിയവനാമേഴ ഞാൻ

പൊരുതി റോമാ സാമ്രാട്ടിനെതിരന്നു ഞാൻ
പാതി വഴിയിലടഞ്ഞെൻ പോരാട്ടം
പിടിക്കപ്പെട്ടു ഞാനീയവനിയിൽ
പരസ്യമായി കുരുശിലേറിയീ നീചൻ

വിളിച്ചെന്നെ വലത്തിന്റെ തസ്കരനെന്ന്
വിപണിയിലിറക്കി സമുദായ വീരന്മാർ
വിലയിരുത്തി നല്ല കള്ളനെന്നെന്നെ
വേറൊരു കൂട്ടരാം നേതാക്കൾ

കേട്ടു ഞാനാ കാൽവറി ഗിരിയതിൽ
കരുണയുള്ളോനാം കർത്തനുടെ യാചന
പൊറുക്കണമപരാധമിവരോട് താതാ
ചെയ്വതെന്തെന്നറിയുന്നില്ലിവർ

ശാസിച്ചു തൽക്ഷണം ഞാനെൻ ചങ്ങാതിയെ
ശരിക്കും ഭയപ്പെടുന്നില്ലയോയീശനെ നീ
സമശിക്ഷാ വിധിയിലാണു നാം സോദരാ!
ശിക്ഷയേൽക്കുന്നതിനനുയോജ്യമായ്

അരുതാത്തതൊന്നും ചെയ്തില്ല നാഥൻ
അതാണു സത്യമെൻ സോദരാ!
അരുതാത്തതവനിയിൽ കണ്ടതത്രെ
അവൻ തൻ മരണത്തിനു കാരണം

കൈകാലുകൾ കെട്ടിയെന്നുടെയെങ്കിലും
കൺകളുയർത്തി സഹായ ഗിരിയിലേക്കു ഞാൻ
കർത്തനാമങ് രാജത്വം പ്രാപിച്ചണയുമ്പോൾ
കരുണയോടെയോർക്കണമേഴയെ

ചൊന്നു ചന്തമായെന്നോടെൻ നാഥൻ
പറുദീസയിലെന്നോടൊത്തിരിക്കും നീ
സത്യമായ് ചൊല്ലിയന്നെൻ യേശു
സ്വർഗ്ഗത്തിനവകാശിയാണു നീ നിശ്ചയം

ഞാനെന്തു ഭാഗ്യവാനെൻ കർത്തനെ
ഞാനെന്തു ചൊല്ലേണ്ടു നിൻ നന്മയ്ക്കായി
ഞാനെന്നുമാരാധിച്ചീടുമെൻ ദേവനെ
ഞാനായിരിക്കുമനന്ത കോടിയുഗങ്ങളിൽ.



വന്ന വഴികൾ –1

## ജീവിതാനുഭവങ്ങളിലേക്ക്
# ഒരു തിരിഞ്ഞു നോട്ടം

ഇ.ജെ. പൈലി, അങ്കമാലി

**പാട്ടു കഴിഞ്ഞ് പ്രസംഗത്തിനു സമയമായപ്പോൾ സഭയിലെ പ്രായമുള്ള സഹോദരൻ കെ.എ. മത്തായിച്ചൻ എന്നെ മുന്നോട്ടു തള്ളി സംസാരിക്കുവാൻ ആവശ്യപ്പെട്ടു. അന്നാണ് ജീവിതത്തിൽ ആദ്യമായി ഒരു പരസ്യ സ്ഥലത്ത് കർത്താവിനെ സാക്ഷിക്കുവാൻ അവസരമുണ്ടായത്.**

**ഹൈ**സ്കൂൾ പഠനകാലത്ത് 1951-ലാണ് ഞാൻ രക്ഷിക്കപ്പെട്ടത്. ലോകമോഹങ്ങളുടെ പുറകെ പോയി അലഞ്ഞുലഞ്ഞ എന്റെ ഹൃദയത്തിൽ ദൈവാത്മാവ് പ്രത്യേകാൽ പ്രവർത്തിച്ചതിന്റെ ഫലമായി ഒരു യഥാർത്ഥ മാനസാന്തരത്തിന്റെ അനുഭവത്തിൽ ഒരു പുതിയ സൃഷ്ടിയായി തീർന്നു. രക്ഷയുടെ സന്തോഷം ഹൃദയത്തിൽ അലതല്ലി. തുടർന്ന് എന്റെ ബാല്യകാല സുഹൃത്തുക്കളും ബന്ധുക്കളും സമപ്രായക്കാരുമായവരെ കർത്താവിങ്കലേക്കു നടത്തണമെന്ന ശക്തിയായ പ്രേരണയുണ്ടായി. അങ്ങനെ പല യുവാക്കന്മാരും രക്ഷിക്കപ്പെട്ടു. ഒരു ദിവസം ഞങ്ങൾ സഭയിൽ എഴുന്നേറ്റ് ഓരോരുത്തരായി സാക്ഷ്യം പറഞ്ഞു. താമസിയാതെ ഞങ്ങൾ പലരും സ്നാനപ്പെട്ടു, തുടർന്ന് ഞങ്ങൾ ശനിയാഴ്ച തോറും ഹാളിൽ ഒരുമിച്ചു കൂടി വചനം പഠിക്കുവാനാരംഭിച്ചു. ഫിലിപ്പിയ ലേഖനമായിരുന്നു ആദ്യം പഠിച്ചത്. യുവാക്കന്മാർ ഓരോരുത്തർ തങ്ങൾക്കു ലഭിച്ച പ്രകാശമനുസരിച്ചു ആലോചനകൾ പറഞ്ഞു. പിന്നീട് പരസ്യസ്ഥലങ്ങളിൽ പോയി കർത്താവിനെ സാക്ഷിക്കണമെന്ന പ്രേണയുണ്ടായി. ഈ വിവരം ബ്രദർ എ.പി. പൈലിയെ അറിയിച്ചു. ശനിയാഴ്ച താനും കൂടെ വരാമെന്നു പറഞ്ഞതനുസരിച്ച് അന്നുച്ചയ്ക്കു ശേഷം ഞങ്ങൾ പരസ്യവേലയ്ക്കു പോകാൻ തയ്യാറായി ഉത്സാഹത്തോടെ ഹോളിൽ കൂടിവന്നു. സമയമായപ്പോൾ എ.പി. വന്ന് ഞങ്ങളോട് പറഞ്ഞതിങ്ങനെയാണ്: "നിങ്ങൾ ഇപ്പോൾ സുവിശേഷ വേലയ്ക്കു പോകയല്ല വേണ്ടത്, ദൈവവചനം പഠിക്കയാണ് ആവശ്യം." ഈ വാക്കുകൾ ഞങ്ങളെ അല്പം നിരാശപ്പെടുത്തിയെങ്കിലും സഭയിലെ മൂപ്പന്റെ നിർദ്ദേശം ഞങ്ങൾ അതേപടി സ്വീകരിച്ച് പിരിഞ്ഞുപോയി. (ഇന്നാണെങ്കിൽ യുവാക്കന്മാരുടെ പ്രതികരണം എപ്രകാരമായിരിക്കുമെന്ന് വായനക്കാർ ചിന്തിച്ചാൽ മതി.) പില്ക്കാലത്ത് അങ്കമാലി സഭയുടെ ചുമതലയിൽ വേനല്ക്കാലത്ത് ചുറ്റുപാടുള്ള ഗ്രാമങ്ങളിൽ നടത്തിവന്ന പരസ്യയോഗങ്ങളിൽ പതിവായി പങ്കെടുത്തിരുന്നത് വളരെ സന്തോഷകരമായ ഒരനുഭവമായിരുന്നു. അങ്ങനെയുള്ള ഒരു പരസ്യയോഗം മഞ്ഞപ്ര എന്ന സ്ഥലത്തു നടക്കുമ്പോൾ പാട്ടു കഴിഞ്ഞ് പ്രസംഗത്തിനു സമയമായപ്പോൾ സഭയിലെ പ്രായമുള്ള സഹോദരൻ കെ.എ. മത്തായിച്ചൻ എന്നെ മുന്നോട്ടു തള്ളി സംസാരിക്കുവാൻ ആവശ്യപ്പെട്ടു. അന്നാണ് ജീവിതത്തിൽ ആദ്യമായി ഒരു പരസ്യ സ്ഥലത്ത് കർത്താവിനെ സാക്ഷിക്കുവാൻ അവസരമുണ്ടായത്.

ആ കാലയളവിൽ സഭയിൽ യുവാക്കൾ വളരെ സജീവമായിരുന്നു. തിങ്കൾ മുതൽ ശനിവരെ ഒരു ദിവസമൊഴിച്ച് എല്ലാദിവസവും വിവിധ സ്ഥാനങ്ങളിലായി (അടുത്തും അകലെയും) പല യോഗങ്ങളുണ്ടായിരുന്നതിൽ മുടങ്ങാതെ പങ്കെടുത്തിരുന്നത് ആത്മിക വർദ്ധനയ്ക്ക് മുഖാന്തരമായി. 1955-56 കാലയളവ് അങ്കമാലി സഭയുടെ സുവർണ്ണ കാലഘട്ടമായിരുന്നു. വി.റ്റി. മത്തായിച്ചന്റെ ചുമതലയിൽ നടന്നുവന്ന ബൈബിൾ സ്കൂൾ ആറുമാസക്കാലം അങ്കമാലിയിൽ വെച്ചു നടന്നു. സ്വദേശികളും വിദേശികളുമായി പ്രസിദ്ധരും പ്രഗത്ഭരുമായ അനേക ദൈവദാസന്മാർ ഈ കാലയളവിൽ ബൈബിൾ സ്കൂളിൽ പഠിപ്പിക്കുവാൻ കടന്നുവരികയുണ്ടായി. അവരുടെ ബൈബിൾ ക്ലാസ്സുകൾ എല്ലാ ആഴ്ചയും മൂന്നോ നാലോ ദിവസങ്ങൾ വീതം ഹോളിൽ രാത്രി തോറും പതിവായി നടന്നത് വചന പഠനത്തിന് ഏറെ സഹായമായി. തുടർന്ന് ഒരു വർക്കേഴ്സ് കോൺഫറൺസും അങ്കമാലിയിൽ വച്ചു നടന്നപ്പോൾ അനേക ദൈവദാസന്മാരെ പരിചയപ്പെടുന്നതിനു മുഖാന്തരമായി.

ഇങ്ങനെ ഏറെ ആത്മീയ സന്തോഷം അനുഭവിച്ചതിന്റെ ശേഷം 1956 ഒടുവിൽ ആന്ധ്രയിലേക്ക് ഉദ്യോഗാർത്ഥം കടന്നു പോകാനുള്ള ഒരു വഴി കർത്താവ് തുറന്നു. ഉത്തരഭാരതത്തിലെ വേലയെക്കുറിച്ചുള്ള ഹൃദയഭാരം അന്നേ കർത്താവ് ഹൃദയത്തിൽ തന്നിരുന്നു. പോകാൻ കഴിയുന്നില്ലല്ലോ എന്ന ഖേദം മനസ്സിലുണ്ടായിരുന്നു. എന്നാൽ കേരളത്തിനു വെളിയിലേക്കു സുവിശേഷവുമായി കടന്നു പോയിരിക്കുന്ന കർത്തൃദാസന്മാർക്കു വേണ്ടി പ്രാർത്ഥിക്കുക എന്നതു പതിവുശീലമായിത്തീർന്നിരുന്നു. അങ്ങനെ പ്രാർത്ഥിക്കുന്തോറും വടക്കേ ഇൻഡ്യയെക്കുറിച്ചുള്ള ഭാരം വർദ്ധിച്ചുവന്നു. ആന്ധ്രയിൽ കടന്നു പോയാൽ ജോലിയോടു കൂടെ സുവിശേഷവുമറിയിക്കാമല്ലോ എന്ന ചിന്ത ഹൃദയത്തിൽ ധൈര്യം പകർന്നു. ശക്തമായ തടസ്സങ്ങൾ അഭിമുഖീകരിക്കേണ്ടി വന്നെങ്കിലും കർത്താവിൽ ധൈര്യപ്പെട്ട് 1956 ഡിസംബർ 5-നു പോസ്റ്റൽ ഡിപ്പാർട്ടുമെന്റിൽ 3 മാസത്തെ പരിശീലനത്തിനായി വിശാഖപട്ടണത്തേയ്ക്കു പുറപ്പെട്ടു. ഷൊർണൂർ വിട്ട് വടക്കോട്ടു ഒരിടത്തും പോയിട്ടില്ലാത്ത, 20 വയസ്സുകാരനായ യുവാവായിരുന്ന ഞാൻ ആദ്യമായി അപരിചിത ദേശത്തേക്ക് തനിയെ യാത്രതിരിക്കുകയായിരുന്നു. ട്രെയിനിൽ വച്ച് അപ്രതീക്ഷിതമായി ആന്ധ്രക്കാരനായ ഒരു വിശ്വാസിയെ കണ്ടുമുട്ടിയത് വലിയ സന്തോഷ കാരണമായി. വ്യത്യസ്ത ഭാഷക്കാരെങ്കിലും "യേശുക്രിസ്തുവിൽ ഒന്ന്" എന്നനിലയിൽ ഞങ്ങളുടെ ഹൃദയങ്ങൾ പറ്റിച്ചേർന്നത് ഒരു പുതിയ അനുഭവമായിരുന്നു.

"ഏകപിതാവിന്റെ മക്കൾ നാം – യേശുവിൽ
ഏകാവകാശികൾ നാം,
ഏകാത്മസ്നാനത്താൽ ഏകശരീരത്തിൻ
അംഗങ്ങളായവർ നാം"

എന്ന് എം.ഇ.സി. പാടിയിട്ടുള്ളത്
എത്ര വാസ്തവം!

വിശാഖപട്ടണത്ത് അന്നു ബ്രദറൺ കൂടിവരവ് ഒന്നുംതന്നെ ഇല്ലായിരുന്നു. ഇന്ന് നാലു കൂടിവരവുകളെങ്കിലും നമ്മുടേതായിട്ടുണ്ട്. സഹോ. എ. ജി. ജേക്കബ് ഇവിടെ ഇന്ന് കർത്താവിന്റെ വേല ചെയ്യുന്നു. സാമാന്യം വലിയ ഒരു സഭാകൂടിവരവ് തന്റെ പ്രവർത്തനഫലമായി രൂപീകരിച്ചിട്ടുണ്ട്. അന്ന് നമ്മുടേതായ കൂടിവരവില്ലാതിരുന്ന സാഹചര്യത്തിൽ സഹോ. ഭക്തസിംഗിന്റേതായി അവിടെയുണ്ടായിരുന്ന സഭയിൽ പതിവായി സംബന്ധിച്ചു കൊണ്ടിരുന്നു. തെലുങ്കുഭാഷയിലുള്ള പ്രസംഗങ്ങൾ മുഴുവൻ ഗ്രഹിക്കുവാൻ സാധിച്ചില്ലെങ്കിലും ആ സഭയിലുള്ള വിശ്വാസികളുമായി നല്ല കൂട്ടായ്മ ആചരിക്കുവാൻ കഴിഞ്ഞു. കൂടിവരുന്ന എല്ലാവർക്കും ഉച്ചഭക്ഷണം കൊടുക്കുകയും വൈകുന്നേരം സഹോദരന്മാർ പരസ്യവേലയ്ക്കു പോകയും ചെയ്യുമായിരുന്നു. അങ്ങനെ വിശാഖപട്ടണത്തിന്റെ പല ഭാഗങ്ങളിലും ക്രൂശിന്റെ സാക്ഷിയായി നില്പാൻ കഴിഞ്ഞത് വലിയ സന്തോഷകാരണമായി. ദൈവനാമത്തിനു മഹത്വം.

(തുടരും)

## അയോഗ്യൻ എങ്കിലും ആദരിക്കപ്പെട്ടവൻ

➤ 1-ാം പേജിൽ നിന്നും തുടർച്ച

ആരും സഹായിപ്പാൻ ഇല്ലാത്ത നിലയിൽ ഗത്ത്ശമന തോട്ടത്തിൽ പട്ടാളക്കാരാൽ ബന്ധിക്കപ്പെട്ടപ്പോൾ കൂടെ നില്ക്കാം ജീവനെ നല്കാം എന്നുള്ള വാഗ്ദാനങ്ങളെ കാറ്റിൽ പറത്തി കർത്താവിനെ വിട്ട് മറഞ്ഞവനാണ് പത്രോസ് (മത്താ. 26:56). രക്ഷിക്കപ്പെട്ട നാളിൽ കർത്താവിന്റെ മുഖം വിശ്വാസക്കണ്ണാൽ കണ്ട് എടുത്ത തീരുമാനങ്ങളെ പാലിക്കാൻ നമുക്കിന്ന് സാധിക്കുന്നുണ്ടോ?

ശിഷ്യനായിരുന്ന യോഹന്നാൻ ബന്ധിതനായ യേശുവിനെ പിൻപറ്റുന്നത് കണ്ട് ഒപ്പം നടക്കാൻ മനസ്സ് വയ്ക്കാതെ ഒരു അകലം വിട്ട് യേശുവിനെ പിൻപറ്റിയവനാണ് പത്രോസ് (ലൂക്കോ. 22:54). ഈ ജീവിതയാത്രയിൽ യേശുവും നാമും തമ്മിലുള്ള ദൂരം എത്രയാണ്?

അഗ്നിക്ക് ചുറ്റുമിരുന്ന് നാഥനെ പരിഹസിക്കുന്നവരുടെ കൂടെ ഇരുന്നിരുന്നവനാണ് പത്രോസ് (യോഹ. 18:18). ഒന്നാം സങ്കീർത്തനത്തിൽ പരിഹാസികളുടെ ഇരിപ്പിടത്തിൽ ഇരിക്കുന്നവർ ശപിക്കപ്പെട്ടവരാണെന്ന് ചൊല്ലി പഠിച്ചിട്ടും, പഠിപ്പിച്ചിട്ടും, ക്ലാസ് മുറിയിലും, കടത്തിണ്ണയിലും, ഓഫീസിലും, പാർട്ടികളിലും, ക്ലബ്ബുകളിലും, നമ്മുടെ ഇരിപ്പിടം ആരുടെ കൂടെയാണ്. ഓർക്കുക പരിഹാസികളുടെ കൂടെയുള്ള ഇരിപ്പാണ് കർത്താവിനെ തള്ളിപ്പറയുവാൻ കാരണമായിത്തീർന്നത്.

അഴുക്കിലേക്ക് വീണ്ടും പോകുവാൻ തയ്യാറായവനാണ് പത്രോസ്. യേശു ഉയിർത്തെണീറ്റു എന്നറിഞ്ഞിട്ടും, രണ്ടു തവണ പ്രത്യക്ഷനായിട്ടും വീണ്ടും പഴയ വള്ളവും വലയും എടുക്കാൻ താൻ തയ്യാറായി (യോഹ. 21:1-3). സാമ്പത്തികമായി പരിമിതിയും ഞെരുക്കത്തിലും ആകുമ്പോൾ പഴയ പണികൾ, കർത്താവിനായി ഉപേക്ഷിച്ച പണികൾ, ചെയ്യുവാനായി ഇറങ്ങുന്നവരാണോ നാം?

ആദിമനുഷ്യരായ ആദാമും, ഹവ്വയും തങ്ങൾ നഗ്നരാകയാൽ മരത്തിനു പിന്നിൽ ഒളിച്ചതുപോലെ, നഗ്നനാകയാൽ വെള്ളത്തിലേക്ക് എടുത്തു ചാടി യേശുവിൽ നിന്ന് മറഞ്ഞിരിക്കാൻ ശ്രമിച്ചവനാണ് പത്രോസ്. നമ്മുടെ ആത്മീയ നഗ്നത നാം ഇന്ന് കർത്താവിൽ നിന്ന് മറച്ച് പിടിക്കാൻ പരിശ്രമിക്കുകയാണോ? (യോഹ. 21:7).

ആദ്യം സംശയിച്ച്, സാത്താനാൽ ഉപയോഗിക്കപ്പെട്ട്, പ്രാർത്ഥനാസമയത്ത് ഉറങ്ങി, സ്വയത്തിൽ ആശ്രയിച്ച് യേശുവിനെ വിട്ട് ഓടിപ്പോയി, ദൂരത്തിൽ യേശുവിനെ അനുഗമിച്ച്, പരിഹാസികളുടെ കൂടെ ഇരുന്ന്, മൂന്നുവട്ടം കർത്താവിനെ തള്ളിപ്പറഞ്ഞ്, വീണ്ടും വള്ളവും വലയും എടുത്ത് യേശുവിൽ നിന്ന് മറഞ്ഞിക്കാൻ തയ്യാറായ പത്രോസിനെയും തന്റെ അന്ത്യനിയോഗത്തിന്റെ പങ്കാളിയാകുവാൻ കർത്താവ് തിരഞ്ഞെടുത്തു. കാരുണ്യവാനായ കർത്താവ് നമ്മുടെ പോരായ്മകളെ ഓർക്കാതെ തന്റെ അന്ത്യനിയോഗത്തിന്റെ ശുശ്രൂഷക്കാരായി നമ്മെയും തിരഞ്ഞെടുത്തു. ഈ ദൈവത്തോട് നാം നന്ദിയുള്ളവരായി ജീവിക്കേണ്ടത് ആവശ്യമായ കാര്യമാണ്. നമുക്ക് ദൈവത്തിന് എല്ലാ മഹത്വവും നല്കാം.

(തുടരും....)

കാര്യവും സ്വകാര്യവും

## "അന്നും ഇന്നും"

പി.വി. സന്തോഷ് വയനാട്

**അന്ന്:** ശിഷ്യന്മാർ മറുഭാഷ സംസാരിച്ചപ്പോൾ ആയിരങ്ങൾ ക്രിസ്തുവിനെ അറിയാനിടയായി. വന്നു കൂടിയ എല്ലാവരും ആ ഭാഷ തിരിച്ചറിഞ്ഞു (അപ്പൊ. പ്രവൃ. 2:4-13).

**ഇന്ന്:** പറയുന്നവർക്കും അറിയുന്നില്ല. കേൾക്കുന്നവർക്കും അറിയുന്നില്ല വൈക്കോലിൽ ഇട്ട് ചക്ക വെട്ടിയതുപോലെ.

**അന്ന്:** അനന്യാസ്, സഫീര നുണ പറഞ്ഞതു കാരണം മരിച്ചു പോയി (അപ്പൊ. പ്രവൃ. 5:16).

**ഇന്ന്:** കർത്താവ് കൃപ കാണിക്കുന്നു. അല്ലെങ്കിൽ എല്ലാ സഭാഹാളിന്റെ മുമ്പിലും ജനം ശവപ്പെട്ടി കടതുടങ്ങിയേനേ.

**അന്ന്:** ശിഷ്യന്മാരുടെ നിഴലെങ്കിലും അടിച്ചാൽ രോഗസൗഖ്യം (അപ്പൊ. പ്രവൃ. 5:12-15).

**ഇന്ന്:** 'രോഗശാന്തി' നടക്കണമെങ്കിൽ 10000 വാട്സിന്റെ സൗണ്ട് സിസ്റ്റം പ്രവർത്തിക്കണം.

**അന്ന്:** വെള്ളിയും പൊന്നും എനിക്കില്ല. എനിക്കുള്ളത് നസറായനായ യേശുവിന്റെ നാമം മാത്രം (അപ്പൊ. പ്രവൃ. 3:6)

**ഇന്ന്:** കുറച്ച് ആഭരണം ഉപയോഗിക്കാം. ഇനി പെട്ടിയിൽ സൂക്ഷിച്ചാൽ പോലും ആവശ്യം വരുമ്പോൾ പണയം വയ്ക്കാം, വില്ക്കാം.

**അന്ന്:** പിമ്പിലുള്ളത് മറന്ന് മുമ്പിലുള്ള ലാക്കിലേക്ക് ഓടി (ഫിലി. 3:14).

**ഇന്ന്:** നാടോടുമ്പോൾ നടുവെ ഓടുവാൻ, ചേരയെ തിന്നുന്ന നാട്ടിൽ ചെല്ലുമ്പോൾ നടുത്തുണ്ടം തിന്നുവാൻ പഠിച്ചു.

### തിരുത്ത്

കഴിഞ്ഞ ലക്കത്തിൽ വൈ.എം.ഇ.എഫ്. ഹരിയാന റിപ്പോർട്ടിൽ 'ഭിവാനി' എന്നത് 'ഭിവാഡി' എന്നു തിരുത്തി വായിക്കാനപേക്ഷ. തെറ്റു വന്നതിൽ ഖേദിക്കുന്നു.

*പബ്ലിഷർ*

# ബൈബിൾ ക്വിസ് -55

## 1 രാജാക്കന്മാർ

1. താൻ രാജാവാകുമെന്ന് പറഞ്ഞ് രഥങ്ങളെയും കുതിരച്ചേവകരെയും സമ്പാദിച്ചവൻ ആര് ?
2. ശലോമോനോട് മത്സരിച്ച തന്റെ ദാസൻ ആര്?
3. ഏലിയാവു ബാലിന്റെ പ്രവാചകന്മാരെ കൊന്നത് എവിടെവെച്ച്?
4. അബ്യാഥാരിനു പകരം ശലോമോൻ പുരോഹിതനായി നിയമിച്ചതാരെ?
5. ശലോമോൻ പണിത ആലയത്തിലെ അന്തർമന്ദിരത്തിലെ വാതിലിനു കതകുണ്ടാക്കാൻ ഉപയോഗിച്ച മരം ഏത്?
6. ശലോമോൻ രാജാവ് പൊന്നു കൊണ്ടുണ്ടാക്കിയ വൻപരിചകൾ എത്ര?
7. മയഖാ ഉണ്ടാക്കിയ മ്ലേച്ഛവിഗ്രഹത്തെ വെട്ടിമുറിച്ചു കെദ്രോൻ തോട്ടിന്നരികെ വെച്ചു ചുട്ടുകളഞ്ഞതാര്?
8. മൃഗങ്ങൾക്ക് പുല്ല് അന്വേഷിച്ച രാജാവാര്?
9. "ആകയാൽ നീ എഴുന്നേറ്റ് വീട്ടിലേക്കു പോക; നിന്റെ കാൽ പട്ടണത്തിനകത്തു ചവിട്ടുമ്പോൾ കുട്ടി മരിച്ചു പോകും" ആര് ആരോടു പറഞ്ഞു?
10. അബ്യാഥാരിനെ പൗരോഹിത്യ പദവിയിൽ നിന്നും പുറത്താക്കാൻ കാരണമെന്ത്?

ബൈബിൾ റഫറൻസ് സഹിതം ഉത്തരങ്ങൾ P.P.George, Post Box No. 91, Angamali 683 572 എന്ന വിലാസത്തിൽ അയയ്ക്കുക.ചോദ്യങ്ങൾ പ്രസിദ്ധീകരിച്ച തീയതികഴിഞ്ഞ് 20 ദിവസത്തിനകം ഉത്തരങ്ങൾ ലഭിച്ചിരിക്കണം. ഉത്തരങ്ങൾ അയയ്ക്കുന്നവർ ക്വിസ് നമ്പരും തങ്ങളുടെ പൂർണ്ണ മേൽവിലാസവും ഫോൺ നമ്പരും കത്തിൽ രേഖപ്പെടുത്തണം.

**ശരിയുത്തരങ്ങൾ 52 :** 1. യോനാഥാനെക്കുറിച്ച് (1:26) 2. ഹെബ്രോനിൽ (5:23) 3. മീഖൾ (6:16) 4. അഹീഥോഫേൽ (17:23) 5. 10 വെപ്പാട്ടികൾ (20:3) 6. ശേബയുടെ തല (20:22) 7. ബഹൂരീമിൽ (17:18) 8. മെഫീബോശെത്ത് (9:11-13) 9. അബ്നേർ യോവാബിനോട് (2:26) 10. യോവാബ് അഹീമാസിനോട് (18:22).

## എൽമുഡ് പാർക്ക് ബൈബിൾ ചാപ്പൽ

**ന്യൂജേഴ്സി:** ന്യൂജേഴ്സി ബിലിവേഴ്സ് ബ്രദറൺ അസംബ്ലിയുടെ പേര് എൽമുഡ് പാർക്ക് ബൈബിൾ ചാപ്പൽ എന്ന് പുനർ നാമകരണം ചെയ്തിരിക്കുന്ന വിവരം ദൈവജനത്തെ അറിയിക്കുന്നു. തുടർന്നുള്ള എല്ലാ കത്തിടപാടുകളും എൽമുഡ് പാർക്ക് ബൈബിൾ ചാപ്പൽ എന്ന പേരിൽ അയയ്ക്കണം എന്ന് അഭ്യർത്ഥിക്കുന്നു. വിലാസം: Elmwood Park Bible Chapel, 110, 16th Ave, Elmwood Park, New Jersy 07407, Ph: 201- 797- 5369.

ഈ സ്ഥലത്ത് ജോലിക്കോ പഠനത്തിനോ മറ്റ് ആവശ്യങ്ങൾക്കായോ എത്തുന്നവർക്ക് എൽമുഡ് പാർക്ക് ബൈബിൾ ചാപ്പലിലേക്ക് സ്വാഗതം. Sunday Worship Meeting- 9.30 AM to 12, Sunday School- 12.30 PM to 1.30 PM, Bible Study- 12.30 PM to 1.30 PM, Wed Prayer Meeting- 7.30 PM to 9.00 PM, Saturday Meeting- 7.00 PM to 8.30 PM. ഇവിടെയുള്ള പ്രവർത്തനങ്ങളെയും സഭയെയും ദൈവജനം പ്രാർത്ഥനയിൽ ഓർക്കേണമേ.

ജയിംസ് സാമുവേൽ (201-745-4522),
ഫിലിപ്പ് ഡാനിയേൽ (973-942-4911)

## സുവിശേഷയോഗങ്ങളും സംഗീത ശുശ്രൂഷയും

**പുല്ലാട്:** പൂവത്തൂർ രഹബോത്ത് ബ്രദറൺ അസംബ്ലിയും പുല്ലാട് ബെഥേൽ ബ്രദറൺ അസംബ്ലിയും ചേർന്ന് 2014 സെപ്റ്റംബർ 12,13,14 തീയതികളിൽ വരയന്നൂർ പോസ്റ്റോഫീസിനു സമീപം തയ്യാർ ചെയ്യുന്ന പന്തലിൽ വച്ച് സുവിശേഷയോഗങ്ങളും സംഗീത ശുശ്രൂഷയും നടത്തപ്പെടുന്നതാണ്.

പ്രസംഗകർ: സുവിശേഷകന്മാരായ പി.ജി. ജയിംസ് തണ്ണിത്തോട്, എബി കെ. ജോർജ്ജ് മല്ലപ്പള്ളി. ഗാനശുശ്രൂഷ: സഹോ. ജോസ്ലി ഏബ്രഹാം & ടീം നയിക്കുന്ന ഹെവൻലി ബീറ്റ്സ് തിരുവല്ല. എല്ലാദിവസവും വൈകിട്ട് 6 മുതൽ 8.30 വരെ.

റ്റി. മാത്യൂസ്, പി.റ്റി. തോമസ്

## ONE YEAR BIBLE COURSE FOR YOUNG GIRLS

**Kollam:** Inviting the young girls for the one year Bible course.

Those who are interested please write to us immediately for the application form.

The next batch will be started on 19th July 2014 to March 2015.

The candidate should belong to a brethren assembly and must be born again. Age: 17-25.

Minimum qualification will be - matriculation.

Accomadation and food will be provided.

Medium: English, the teaching will be systematically by our well- known teachers.

***Contact Address*:**

**Joys Mathew, Secretary, Sodari Bhavan, Kollam- 691 001. Ph.No. 0474- 2744846**

## പ്രവർത്തനങ്ങൾ മുന്നേറുന്നു

**ശാന്തമ്പാറ:** സഭയുടെ പ്രവർത്തനങ്ങൾ ദൈവകൃപയാൽ വിജയകരമായി മുന്നേറുന്നു. പ്രവർത്തനഫലമായി പുതിയതായി കർത്താവിനെ സ്വീകരിച്ച മൂന്നു പേർ ഇക്കഴിഞ്ഞ മെയ് 10-ാം തീയതി സ്നാനമേറ്റു. സുവിശേഷകൻ എം. പോൾ സ്നാനശുശ്രൂഷ നിർവ്വഹിച്ചു.

ശാന്തമ്പാറ പ്രദേശത്ത് ദൈവനാമം ഉയർത്തണമെന്ന താല്പര്യത്തിൽ മെയ് 26,27,28 തീയതികളിൽ ശാന്തമ്പാറ പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ വച്ച് ഒരു കൺവൻഷൻ നടത്തി. ടി.പി. കനകരാജ് (തിരുവനന്തപുരം) തിരുവചനത്തിൽ നിന്ന് വളരെ ശക്തമായ ദൂതുകൾ നൽകി. ശാന്തമ്പാറ മെസ്സഞ്ചേഴ്സ് വോയ്സ് ഗാനശുശ്രൂഷ നിർവ്വഹിച്ചു. ഇ.ജി.എം. (വാളകം) ടീമായി പ്രവർത്തനങ്ങളിൽ സഹകരിച്ചു. തദ്ദേശീയരായ നിരവധി പേർ ശ്രദ്ധയോടെ വചനം ശ്രവിച്ചു. ദൈവജനം വളരെ പ്രാർത്ഥിക്കേണമെ.

സന്ധ്യാവ്, സ്റ്റാൻലി ജോൺ
(9495428844)

ഗാനം

### നിനക്കായ് ഞാൻ

പേഴ്സിസ് തങ്കച്ചൻ,
തൃപ്പൂണിത്തുറ

എനിക്കായ് ജനിച്ചവനെ
എനിക്കായ് ജീവിച്ചവനെ
എനിക്കായ് മരിച്ചവനെ
എനിക്കായ് ഉയിർത്തവനെ

നിനക്കായ് ജീവിച്ചീടുവാൻ
എൻ ചിത്തം കൊതിച്ചിടുന്നേ
എന്നെയും രക്ഷിച്ചീടുവാൻ
നാഥനിഷ്ടം തോന്നിയല്ലൊ

എൻ പാപം പോക്കിയവൻ
എൻ ശാപം നീക്കിയവൻ
ചേറ്റിൽ നിന്നുയർത്തിയവൻ
പാറമേൽ നിർത്തിയവൻ.


## സഭാഹോൾ സ്തോത്ര ശുശ്രൂഷ

**കാരിച്ചാൽ:** 2006-ൽ ആരംഭിച്ച കാരിച്ചാൽ (പായിപ്പാട്) എബനേസർ ബ്രദറൺ അസംബ്ലിക്കു വേണ്ടി പണി കഴിപ്പിച്ച പുതിയ സഭാ ഹോൾ ഇക്കഴിഞ്ഞ ജൂൺ 27 വെള്ളിയാഴ്ച കെ.ഇ.എം. ഫണ്ട് സെക്രട്ടറി ബ്രദർ പി.ഇ. സാംകുട്ടി വിശ്വാസികൾക്കായി തുറന്നു കൊടുത്തു. തുടർന്നു നടന്ന സമ്മേളനത്തിൽ സ്റ്റുവർഡ് അസ്സോസിയേഷൻ കേരള ചെയർമാൻ പ്രൊഫ. ജേക്കബ് തോമസ് അധ്യക്ഷത വഹിക്കുകയും ഡോ. ഒ.എം. സാമുവേൽ, ഡോ. സന്തോഷ് ഡാനിയേൽ (ഓസ്ട്രേലിയ) എന്നിവർ വചനത്തിൽ നിന്നും സംസാരിക്കുകയും ചെയ്തു. സുവിശേഷകൻ സാമുവേൽ റ്റി. ഫിലിപ്പ് സ്വാഗതവും വർഗീസ് മത്തായി നന്ദിയും അറിയിച്ചു. ഈ സ്ഥലം സഭയുടെ നിലനില്പിനായും വളർച്ചയ്ക്കായും പ്രാർത്ഥിക്കുക. സുവിശേഷകൻ വർഗീസ് മത്തായി ഈ പ്രദേശത്ത് പ്രവർത്തിക്കുന്നു.

# മഹത്വത്തിൽ



**ചെങ്ങന്നൂർ:** പാണ്ടനാട് സൗത്ത് ഇമ്മാനുവേൽ ബ്രദറൺ സഭാ മൂപ്പന്മാരിൽ ഒരാളായിരുന്ന പരുമല പൊതുവൽ ജോയൽ വില്ലയിൽ **പി.ജി. ശാമുവേൽ** (90) ജൂൺ 20-ന് താൻ പ്രത്യാശ വെച്ചിരുന്ന കർതൃസവിധത്തിലേക്കു ചേർക്കപ്പെട്ടു. ഭൗതികശരീരം ജൂൺ 24-ന് പാണ്ടനാടു സഭാ സെമിത്തേരിയിൽ സംസ്കരിച്ചു. വിയോഗ ദുഃഖത്തിൽ കഴിയുന്ന കുടുംബാംഗങ്ങളെ പ്രാർത്ഥനയിൽ ഓർക്കുക.



**കുറത്തികാട്:** കുരുട്ടേത്ത് തെക്കതിൽ **പി.റ്റി. ശാമുവേൽ** (90) ജൂൺ 25-ന് തന്റെ പ്രത്യാശയായിരുന്ന മഹത്വതീരത്തേക്ക് ചേർക്കപ്പെട്ടു. ഭൗതികശരീരം ജൂലൈ 1-ന് കുറത്തികാട് ബ്രദറൺ സഭാസെമിത്തേരിയിൽ സംസ്കരിച്ചു. കുടുംബാംഗങ്ങളെ പ്രാർത്ഥനയിൽ ഓർക്കുക.



**പത്തനംതിട്ട:** മുണ്ടുകോട്ടയ്ക്കൽ പേഴുംകാട്ടിൽ പി. ഇ. സാമുവേലിന്റെ ഭാര്യ **മറിയാമ്മ സാമുവേൽ(82)** ജൂൺ 7-ന് (ശനി) താൻ പ്രിയം വെച്ചിരുന്ന കർത്തൃ സന്നിധിയിൽ ചേർക്കപ്പെട്ടു. ഭൗതിക ശരീരം ജൂൺ 11-ന് മുണ്ടുകോട്ടയ്ക്കൽ ബ്രദറൺ സഭാ സെമിത്തേരിയിൽ അനേക വിശ്വാസികളുടെയും ബന്ധുജനങ്ങളുടെയും സാന്നിദ്ധ്യത്തിൽ സംസ്ക്കരിച്ചു. ദുഃഖത്തിലിരിക്കുന്ന കുടുംബാംഗങ്ങളെ പ്രാർത്ഥനയിൽ ഓർത്താലും.



**കോഴിക്കോട്:** താമരശ്ശേരി തോട്ടത്തിൽ റെജി ജോർജ്ജിന്റെ ഭാര്യ **സാലി (46)** ജൂൺ 15-ന് (ഞായർ) താൻ പ്രിയം വെച്ചിരുന്ന കർത്തൃ സന്നിധിയിൽ ചേർക്കപ്പെട്ടു. ഭൗതിക ശരീരം ജൂൺ 16-ന് സുൽത്താൻ ബത്തേരി ബ്രദറൺ സഭാ സെമിത്തേരിയിൽ അനേക വിശ്വാസികളുടെയും ബന്ധുജനങ്ങളുടെയും സാന്നിദ്ധ്യത്തിൽ സംസ്ക്കരിച്ചു. ദുഃഖത്തിലിരിക്കുന്ന കുടുംബാംഗങ്ങളെ പ്രാർത്ഥനയിൽ ഓർത്താലും.

**ചുവന്നമണ്ണ്:** ചുവന്ന മണ്ണ് സഭാംഗവും പാലക്കാട് കണിച്ചിപരുത സഭാ ശുശ്രൂഷകനുമായ കെ.പി. ഹരിദാസിന്റെ പിതാവ് **പത്മനാഭൻ** (80) ജൂൺ 7 ശനിയാഴ്ച താൻ പ്രിയം വച്ച കർത്താവിന്റെ സന്നിധിയിൽ ചേർന്നു. ഭൗതിക ശരീരം 8-ാം തീയതി ഞായറാഴ്ച അയൽ സഭകളുടെയും ബന്ധുമിത്രാദികളുടെയും സഹകരണത്തോടെ കർത്താവിന്റെ വരവിൽ വീണ്ടും കാണാമെന്ന പ്രത്യാശയോടെ സഭാ സെമിത്തേരിയിൽ സംസ്കരിച്ചു.

## അനുസ്മരണം

### സുവിശേഷകൻ സാമുവൽ പി. ജോൺ (തങ്കച്ചൻ-86)

കോട്ടയം കുമ്മനം (അയ്മനം) പോത്തൻമാലിൽ പി. ജെ. ജോണിന്റെ മകനായി 1929 ജനുവരി 5-ന് ജനിച്ചു. പരമ്പരാഗത സി.എസ്.ഐ. കുടുംബത്തിൽ ജനിച്ച തങ്കച്ചൻ യൗവനപ്രായത്തിൽ കർത്താവിനെ സ്വന്തരക്ഷിതാവായി സ്വീകരിച്ച് സ്നാനമേറ്റ് അയ്മനത്തു ബ്രദറൺ സഭയോടനുബന്ധിച്ച് കർത്താവിനെ ആരാധിച്ചു പോന്നു.

തിരുവല്ല മെഡിക്കൽ മിഷൻ ആശുപത്രിയിൽ അക്കൗണ്ടന്റായി ജോലി ചെയ്യവേ കുറിയന്നൂർ താന്നിക്കപ്പുറത്തൂട്ട് ടി. എം. തോമസിന്റെയും ദീനാമ്മ തോമസിന്റെയും മകൾ അമ്മുക്കുട്ടിയെ (മേരി) ജീവിത സഖിയാക്കി. 1956 മുതൽ 1968 വരെ ആശുപത്രിയിൽ ജോലി ചെയ്തു. 1968-ൽ ദൈവവിളി കേട്ട് പൂർണ്ണസമയ സുവിശേഷ പ്രവർത്തനങ്ങൾക്കായി വടക്കേ ഇന്ത്യയിലേക്ക് പോയി. ഹിമാചൽപ്രദേശ്, ഹരിയാന, ഉത്തർപ്രദേശ്, ഡൽഹി എന്നീ ഇന്ത്യൻ സ്റ്റേറ്റുകളിൽ ചെയ്ത പ്രവർത്തനങ്ങളുടെ ഫലമായി അനേകരെ യേശുക്രിസ്തുവിങ്കലേക്ക് ആനയിക്കുവാൻ കൃപ ചെയ്തു. ഇവരുടെ കുടുംബജീവിതത്തിൽ രണ്ടു മക്കളെയും അഞ്ചു കൊച്ചുമക്കളെയും ദൈവം ദാനമായി നൽകി.

ഭാര്യ മേരി സാമുവൽ ജോലിയിൽ നിന്ന് മടങ്ങിയെത്തിയ ശേഷം കുടുംബസമേതം തിരുവല്ലയിൽ താമസമാക്കി. സാമുവൽ പി. ജോൺ നാട്ടിൽ മടങ്ങിയെത്തി അയ്മനത്തും ചുറ്റുപാടുമുള്ള സഭകളിൽ സുവിശേഷ പ്രവർത്തനങ്ങളിൽ സഹകരിച്ചുപോരുകയായിരുന്നു.

വാർദ്ധക്യസഹജമായ രോഗങ്ങളെ തുടർന്ന് നാലു വർഷത്തോളം ഭവനത്തിൽ വിശ്രമിക്കവെയാണ് കർമ്മനിരതമായ 86 വർഷത്തെ ഇഹലോകവാസം പൂർത്തിയാക്കി പ്രിയ പിതാവ് 2014 മാർച്ച് 31 ന് താൻ ഏറെ നാളായി പ്രത്യാശയോടെ കാത്തിരുന്ന അരുമനാഥന്റെ സന്നിധിയിലേക്ക് വിട ചൊല്ലിയത്. രോഗാവസ്ഥ തന്റെ താഴ്ചയുള്ള ശരീരത്തെയും മനസ്സിനെയും പലപ്പോഴും തളർത്തിയെങ്കിലും തീഷ്ണമായ വിശ്വാസവും പ്രത്യാശയും ഒട്ടും നഷ്ടപ്പെടുത്തിയില്ല. ഉയിർപ്പിൻ പൊൻപുലരിയിൽ കോടാനുകോടി വിശുദ്ധന്മാരോടൊത്ത് ഞങ്ങളുടെ പിതാവിനെ വീണ്ടും കാണാമെന്ന പ്രത്യാശയാണ് മുന്നോട്ട് നയിക്കുന്നത്.

## ദൈവജനം പ്രാർത്ഥിക്കുക, സഹകരിക്കുക

പ്രിന്റിംഗ് ചെലവ് വളരെ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ സുവിശേഷധ്വനിയുടെ തുടർന്നുള്ള പ്രസിദ്ധീകരണം പ്രതിസന്ധിയിലാണ്. ദൈവജനത്തിന്റെ കൈത്താങ്ങൽ കൂടാതെ ഇതു മുന്നോട്ട് കൊണ്ടുപോകുക അസാദ്ധ്യമാണ്. ആയതിനാൽ നിങ്ങളാലാകുന്ന സംഭാവനകൾ അയച്ച് ഈ ശുശ്രൂഷയെ സഹായിക്കുക. വരിസംഖ്യ കുടിശ്ശിക ഉള്ളവർ എത്രയുംപെട്ടെന്ന് അയച്ചു തന്നു സഹകരിക്കുക. സുവിശേഷധ്വനിയുടെ ബാങ്ക് അക്കൗണ്ട് നമ്പറിനും മറ്റ് വിവരങ്ങൾക്കും മാനേജിംഗ് എഡിറ്ററുമായി ബന്ധപ്പെടുക.

-പത്രാധിപർ

## വൈ. എം. ഇ. എഫ്. മലബാർ ഡിവിഷൻ ബൈബിൾ ക്യാമ്പ്

**കോഴിക്കോട് :** വൈ.എം.ഇ.എഫ്. മലബാർ ഡിവിഷന്റെ ചുമതലയിൽ കോഴിക്കോട് ബ്രദറൺ സഭയുടെയും മലബാറിലെ ആറു ജില്ലകളുടെയും സഹകരണത്തിൽ 2014 ജൂലൈ 27 മുതൽ 29 വരെ ബൈബിൾ ക്യാമ്പ് നടത്തുവാൻ കർത്താവിൽ ആശ്രയിച്ച് തീരുമാനിച്ചിരിക്കുന്നു. കോഴിക്കോട് സഭാഹാളിൽ ജൂലൈ 27 ഞായറാഴ്ച വൈകുന്നേരം ആരംഭിക്കുന്ന ക്യാമ്പിൽ സഹോദരന്മാരായ ജോസ് മാത്യൂസ് മംഗലാപുരം, റ്റിജുമോൻ ചാക്കോ പള്ളിക്കുത്ത് എന്നിവർ പ്രധാന ലീഡേഴ്സായിരിക്കും. കൂടാതെ മലബാറിൽ നിന്നും ക്യാമ്പിൽ പങ്കെടുക്കുന്ന സഹോദരന്മാർ വിവിധ ശുശ്രൂഷകൾക്ക് നേതൃത്വം വഹിക്കുന്നതായിരിക്കും. തിരുവചന സത്യങ്ങൾ കൂടുതലായി പഠിക്കുന്നതിനും ആത്മീയ കൂട്ടായ്മ അനുഭവിക്കുന്നതിനും ഈ അവസരം പ്രയോജനപ്പെടുത്തുക. ഈ ക്യാമ്പിന്റെ അനുഗ്രഹത്തിനായ് ദൈവജനം പ്രാർത്ഥിക്കുന്നതോടൊപ്പം പങ്കെടുക്കുകയും സഭയിൽ നിന്നു യുവാക്കളെ ഉത്സാഹിപ്പിച്ച് ക്യാമ്പിലേക്കു അയക്കുകയും ചെയ്യണമെന്നു കർതൃനാമത്തിൽ അഭ്യർത്ഥിക്കുന്നു.

ജിജു ജോർജ്ജ് (Mob: 9447322627)

## സുവിശേഷയോഗവും ഗ്രാമങ്ങളിൽ പരസ്യയോഗവും

**തമിഴ്നാട്:** 2014 മെയ് 1 മുതൽ 6 വരെ സുവിശേഷകൻ പി.പി. പ്രസന്നന്റെ നേതൃത്വത്തിൽ ശങ്കനചേരി അയ്യാപുരം, അരുളാച്ചി, ശങ്കരൻ കോവിൽ, ദേവർകുളം എന്നീ ബ്രദറൺ സഭകളുടെ സഹകരണത്തോടെ ഗ്രാമങ്ങളിൽ പരസ്യയോഗവും സഭകളിൽ രാത്രിയോഗവും അനുഗ്രഹമായി നടന്നു. ഈ ശുശ്രൂഷകളിൽ സുവിശേഷകന്മാർ ലാലു ഏബ്രഹാം, മാത്തുക്കുട്ടി, പി.പി.ജേക്കബ്, പി.പി. പ്രസന്നൻ, ജെയപാൾ, പോൾ എന്നിവർ പങ്കെടുത്തു. അടുത്ത സുവിശേഷീകരണ പ്രവർത്തനവും, സുവിശേഷയോഗങ്ങളും ബൈബിൾ ക്ലാസ്സുകളും ചെന്നൈയിലുള്ള സഭകളുടെ സഹകരണത്തോടെ ആഗസ്റ്റ് മാസം 10 ദിവസം നടത്തുന്നതാണ്. എല്ലാവിധ അനുഗ്രഹത്തിനു വേണ്ടിയും പ്രാർത്ഥിക്കണമേ. സുവി. പി.പി. പ്രസന്നൻ, ബ്രദറൺ ക്രിസ്ത്യൻ അസംബ്ലി, നാഗമലപുതുക്കോട്ട, മധുര 625 019, തമിഴ്നാട്. ഫോൺ: 09894615024

## പരസ്യയോഗ പരമ്പര

**തൃശ്ശൂർ:** കൊടകര ബ്രദറൺ ഗോസ്പൽ അസംബ്ലിയുടെ പ്രാർത്ഥനയിലും മോചനം ഗോസ്പൽ ടീമിന്റെ സഹകരണത്തിലും കൊടകരയിലും പരിസര പ്രദേശങ്ങളിലും പരസ്യയോഗങ്ങൾ എല്ലാ ശനിയാഴ്ചകളിലും നടന്നു വരുന്നു. സുവിശേഷകന്മാരായ ജോജോ പി.ജെ., ജക്സൻ വരാക്കര, എം.ആർ. ഷൈജു, എം.എസ്. രമേശ്, മോൻസൻ ഐസക്, സി.ആർ സുരധരൻ എന്നീ സഹോദരന്മാർ പരസ്യയോഗങ്ങളിൽ സുവിശേഷം പ്രസംഗിക്കുന്നു. ഈ പ്രവർത്തനങ്ങൾ മുഖാന്തരം ആത്മാക്കൾ രക്ഷിക്കപ്പെട്ട് സ്ഥലം സഭയ്ക്ക് ആദായപ്പെടുന്നതിനും തൃശ്ശൂർ ജില്ലയിൽ പുതിയ കൂടിവരവുകൾ ഉണ്ടാകുന്നതിനും ദൈവമക്കളുടെ വിലയേറിയ പ്രാർത്ഥന ക്ഷണിച്ചു കൊള്ളുന്നു. ഈ വേലയിലേക്ക് സന്തോഷമുള്ളവർക്ക് സഹകരിക്കാവുന്നതാണ്. വിലാസം: M.N. Sasi, Maniparambil house, Chagalure Via, Inchakundu P.O., 680312, Thrissur. Mob: 9495196732.

ബെന്നിജോർജ്ജ്, രാജു ജോർജ്ജ്

## വൈ.എം.ഇ.എഫ് നോർത്ത് ഡിവിഷന് പുതിയ ഭാരവാഹികൾ

**അങ്കമാലി:** വൈ.എം.ഇ.എഫ്. നോർത്ത് ഡിവിഷൻ ട്രസ്റ്റ് അങ്കമാലി ഓഫീസിൽ ജൂൺ 28-ന് കൂടിയ 34-ാമത് ജനറൽ ബോഡി യോഗത്തിൽ പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു.

പ്രസിഡന്റ്: സ്റ്റാൻലി ഏബ്രഹാം, മൂവാറ്റുപുഴ

സെക്രട്ടറി : രമേശ് എസ്. നായർ, പറവൂർ

ജോ. സെക്രട്ടറി : ഒ.കെ. മർക്കോസ്, പിറവം

ട്രഷറാർ : എ.ഡി. ജയിംസ്, അങ്കമാലി

കമ്മിറ്റി അംഗങ്ങൾ: പി.റ്റി. ജോൺ മാമ്മലശ്ശേരി, സ്ക്കറിയ വർഗീസ് കളമശ്ശേരി, സി.ജെ. ഫിലിപ്പ് കളമശ്ശേരി, സി.പി. പൗലോസ് മാമ്മലശ്ശേരി, എം.സി. ജോർജ്ജ് ചേലക്കോട്ടുകര, റൂമീസ് എം. മാത്യൂ പഴയന്നൂർപാടം, കുര്യൻ സി. ഐസക്ക് കിഴക്കമ്പലം.

വാളകം യൂണിറ്റ് പ്രസിഡന്റ്: സാജു പി. സ്റ്റീഫൻ, പിറവം

സെക്രട്ടറി: സാംസൺ ശാമുവേൽ, മുളന്തുരുത്തി

തൃശ്ശൂർ യൂണിറ്റ് പ്രസിഡന്റ്: സിജു, താളിക്കോട്

സെക്രട്ടറി: ഷാജു മാറ്റാംപുറം

പുതിയ ഭാരവാഹികളെ ഓർത്ത് ദൈവജനം പ്രാർത്ഥിക്കുക

സി.പി. പൗലോസ്

## സി.ഡി. പ്രകാശനം



ഷാർജ ബ്രദറൺ സഭാംഗവും ഇൻഡസ്ട്രിയൽ സർവ്വീസസിന്റെ എം.ഡി.യുമായ സഹോ. ജോൺസൺ ബി.ടി. രചിച്ച ഗാനങ്ങളടങ്ങിയ *'എന്നും അങ്ങേയ്ക്കായ് നാഥാ'* എന്ന ഭക്തിഗാന സി.ഡി.യുടെ പ്രകാശനം സഹോ. കെ. ഫിലിപ്പ്കുട്ടി നിർവ്വഹിച്ചു. സഹോ. സാം ഫിലിപ്പ് സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചു. പി.എസ്. തമ്പാൻ, അലക്സ് ബേബി, ജോസ് മാത്യു കണ്ണംപ്ലാൽ, ജോയിസ്, ബി.ടി. ജോൺസൺ, റെജി ജോൺസൺ എന്നിവർ പ്രസംഗിച്ചു. ഗായകൻ ജോൺസൺ പീറ്ററിന്റ നേതൃത്വത്തിൽ നോബിൾ പി. തമ്പാൻ, ഫിബി മറിയം, ഷെബി സൂസൻ, റോബിൻ വർഗീസ് എന്നിവർ ഗാനങ്ങളാലപിച്ചു. വളരെ അർത്ഥപൂർണ്ണവും ശ്രുതി മധുരവുമായ ഈ ഗാനശേഖരത്തിന്റെ വിറ്റുവരവ് പൂർണ്ണമായും കാരുണ്യപ്രവർത്തനങ്ങൾക്കായി മാറ്റിവച്ചിരിക്കുന്നു.

## സമ്മർ ബൈബിൾ സ്കൂൾ

**തിരുവല്ല:** ഗോസ്പൽ മ്യൂസിക് ഫെസ്റ്റിന്റെ ആഭിമുഖ്യത്തിൽ എസ്.ബി.എസ്. ക്യാമ്പ് സെന്റർ പുത്തൻകാവിൽ വെച്ച് മെയ് 1 മുതൽ 10 വരെ രണ്ടാമത് സമ്മർ ബൈബിൾ സ്കൂൾ അനുഗ്രഹമായി നടന്നു. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി 33 പേർ താമസിച്ച് ദൈവവചനം പഠിച്ചു. ശാരീരികമായി വൈകല്യമുള്ള തിരുവനന്തപുരം വെഞ്ഞാറമൂട് സ്വദേശിയായ രതീഷ് എന്ന സഹോദരൻ നമ്മുടെയിടയിലുള്ള പല ബൈബിൾ സ്കൂളിൽ പഠനം നടത്താൻ ആഗ്രഹിച്ചു എങ്കിലും തന്റെ ബലഹീനത നിമിത്തം പഠനത്തിനുള്ള സൗകര്യം ലഭിക്കാതെ വന്നു. എന്നാൽ ഈ ബൈബിൾ സ്കൂളിൽ പഠനം പൂർത്തീകരിച്ചു. കടന്നു വന്ന സഹോദരന്മാരിൽ 7 പേർ സ്നാനപ്പെടുവാൻ തീരുമാനിച്ചു. 8 പേർ സുവിശേഷ വേലയ്ക്കായി സമർപ്പിച്ചു. എല്ലാ ദിവസവും നടന്ന പൊതുയോഗത്തിൽ ചുറ്റപാടിൽ നിന്ന് പല സഹോദരന്മാരും കടന്നു വന്ന് സംബന്ധിച്ചു.

*എം.വി. ശാമുവേൽ*

## സോദരീ സമാജം

**കൊട്ടാരക്കര:** സോദരീസമാജത്തിന്റെ (കൊട്ടാരക്കര സെന്റർ) അടുത്ത സമ്മേളനം ഓയൂർ ബ്രദറൺ സഭാഹാളിൽ ജൂലൈ 12 രാവിലെ 10-ന്. ക്വിസ് യോശുവ 6-10 അധ്യായങ്ങളിൽ നിന്ന്. സഹോദരിമാർ പ്രാർത്ഥനാപൂർവ്വം പങ്കെടുക്കുക.

ലാലി മാത്യു (സെക്രട്ടറി)

ചിന്ത

*റ്റി. വി. എസ്.*

## കൃപയുടെ അത്യന്തധനം

**ഒ**രു പാപി രക്ഷയിലേക്ക് വരുന്നത് ദൈവകൃപയാലാണ്. ജീവിതത്തിൽ ദൈവകൃപയുടെ മധുരിമ അനുഭവിച്ചറിയണമെങ്കിൽ ചിലപ്പോൾ ദൈവമക്കളെ കഷ്ടതയുടെ പാതയിലൂടെ ദൈവം നടത്തിയെന്നു വരാം. കൃപയെന്നു പറയുന്ന രണ്ടക്ഷരത്തിന്റെ വലിപ്പവും ആഴവും നാം വേണ്ടതുപോലെ അറിഞ്ഞിട്ടില്ല. ജീവിതത്തിൽ എല്ലായ്പ്പോഴും എല്ലാം നല്ലതാണെന്ന് പറയുവാൻ അല്പം പ്രയാസമായി തോന്നാം. ജീവിതത്തിന്റെ എല്ലാ മുക്കിലും മൂലയിലും പ്രതിസന്ധിയെ അഭിമുഖീകരിക്കുമ്പോൾ എല്ലാം നന്നെന്ന് പറയുവാൻ കഴിയുമോ? ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ ചിലർ ദുഃഖിച്ചിരുന്ന് കരയാനല്ലാതെ മറ്റൊന്നിനും കഴിവില്ലാത്തവരായി അവർ തീരുന്നു. വേറെ ചിലർ സകലവും നന്മയ്ക്കായി തീർക്കുവാൻ കഴിവുള്ള ശക്തനായ ദൈവത്തിന്റെ കരങ്ങൾ അതിന്റെ പിന്നിലുണ്ടെന്നറിഞ്ഞ് ആശ്വസിക്കുന്നു. അങ്ങനെ ആശ്വസിക്കണമെങ്കിൽ ദൈവിക കൃപയുടെ ആഴങ്ങളിലേക്ക് നാം ഇറങ്ങേണം. ദൈവകൃപാസനം തുറന്നിരിക്കുന്നതാണ് എന്നു നാം മറക്കരുത്.

ഒരിക്കൽ ലൂയി.ബി. സ്മിഡ്സ് എന്ന സഹോദരൻ തന്റെ ആത്മാർത്ഥമായ ഒരു സുഹൃത്തിനെ കാണുവാൻ പോയി. അർബുദരോഗബാധിതനായ ആ സുഹൃത്ത് ആസന്നമരണനായി ആശുപത്രിയിൽ കിടക്കുകയായിരിന്നു. മരണത്തെ കൈകൊടുത്ത് സ്വീകരിക്കാൻ കാത്തു കിടന്ന ആ സ്നേഹിതന്റെ കൂടെ നാലുദിവസം താമസിച്ചശേഷം ലൂയി മടങ്ങിപ്പോകാൻ ഒരുങ്ങി. അദ്ദേഹം യാത്ര പറഞ്ഞ് ഇറങ്ങിയ ശേഷം ഒരിക്കൽ കൂടി സ്നേഹിതനെ തിരിഞ്ഞു നോക്കി. മരണത്തെ കാത്തുകിടന്ന അദ്ദേഹം ശിരസ്സ് അല്പം ഉയർത്തിക്കൊണ്ട് സുസ്മേരവദനായി "It is all right" (എല്ലാം നന്ന്) എന്ന് പറഞ്ഞു. ഈ രോഗിയെ സംബന്ധിച്ചിടത്തോളം രോഗത്തെ തിന്മയായിട്ടല്ല നന്മയായിട്ടാണ് കാണുന്നത്. മൂന്നു ദിവസം കഴിഞ്ഞപ്പോൾ അദ്ദേഹം ലോകത്തോട് യാത്ര പറഞ്ഞു. തന്റെ ഈ ലോകത്തിലെ കഷ്തകളും വേദനകളും എന്നേക്കുമായി അവസാനിച്ചു. ദൈവകൃപയുടെ സ്വാധീനതയാണ് മുകളിൽ പറഞ്ഞ വാക്കുകൾ ഉച്ചരിക്കുവാൻ അദ്ദേഹത്തിന് ഇടയാക്കിയത്.

എന്തുവന്നാലും ജീവിതത്തിന്റെ പരുപരുത്ത അനുഭവങ്ങളിൽ കൂടെ കടന്നു പോകുമ്പോഴൊക്കെയും പതറാതെ നിന്ന്, പുഞ്ചിരിക്കുന്ന ഹൃദയത്തോടെ പ്രതികൂലങ്ങളെ അഭിമുഖീകരിക്കുന്നതിന് ദൈവം നൽകുന്ന അമൂല്യമായ ഒരു നിധിയാണ് കൃപ. രോഗബാധിതയായ ഒരു സ്ത്രീയോട് ഒരാൾ ഇങ്ങനെ ചോദിച്ചു, "തീച്ചൂളയുടെ മധ്യത്തിലും പുഞ്ചിരിയോടെ അതിനെ സ്വാഗതം ചെയ്യുവാൻ നിങ്ങൾക്ക് എങ്ങനെയാണ് സാധിച്ചത്. അതിനെ നേരിടുവാനുള്ള ധൈര്യം നിങ്ങൾക്ക് എവിടെ നിന്നാണ് ലഭിച്ചത്" അവർ പറഞ്ഞത്: "യെശയ്യാവ് 43-ലെ ഒന്നും രണ്ടും വചനമാണ് എന്നെ ധൈര്യപ്പെടുത്തിയത്." വെള്ളത്തിലായാലും തീയിലായാലും തന്നെ ചുറ്റിപ്പറ്റി നില്ക്കുന്ന ദൈവത്തിന്റെ അളവറ്റ കൃപയുടെ ആഴമാണ് അവൾ ഈ രോഗത്തിലും ദർശിച്ചത്.

പ്രിയരെ! ദൈവകൃപയുടെ അത്യന്ത ധനത്തെ നാം ഇതുവരെയും പൂർണ്ണമായ അളവിൽ അനുഭവിച്ചറിഞ്ഞിട്ടില്ല. പൗലോസ് ഈ കൃപയുടെ മധുരിമ ഒരളവിൽ കഷ്ടതയിലൂടെ അനുഭവിച്ചറിഞ്ഞപ്പോൾ കഷ്ടത സഹിക്കാനുള്ള തന്റെ സന്തോഷം എത്രവലിയതായിരുന്നു. അങ്ങനെ യാണെങ്കിൽ കൃപയുടെ അത്യന്തധനത്തെ വരും കാലങ്ങളിൽ കാണുന്നതിനു വേണ്ടി സ്വർഗ്ഗത്തിൽ ഇരുത്തിയിരിക്കുന്ന നമുക്ക് അതിന്റെ പൂർണ്ണ അളവിൽ കാണുന്ന സമയത്ത് നമ്മുടെ ഉള്ളിൽ ഉണ്ടാകാൻ പോകുന്ന സന്തോഷം എത്ര വലിയതായിരിക്കും. ആകയാൽ സകലവും നന്മയ്ക്കായി കൂടി വ്യാപരിക്കുന്നു എന്ന് അറിഞ്ഞ് എല്ലാം "നന്നെന്ന്" പറയാം. അതിന് ദൈവം നമ്മെ സഹായിക്കട്ടെ. ●

**SUVISESHA DHWANI**
Fortnightly
Vol. 37 Issue 22
Annual Subscription
India Rs. 150
USA/Canada US$ 75
Envelope Postage
Rs. 2000

**Please send news and articles to:**

Chief Editor
**Samuel Thomas**
Choonattu House
Cheppad P.O.,
Alappuzha Dist.,
Kerala - 690 507
Tel. 0479 - 2476677
Mob : 9495162788

Associate Editors:
**V. S. Mathew & Jose Philip**

Send your drafts & money order to :
Managing Editor
**P.S. Ninan**
Thondiyath puthenveedu,
Kallissery P.O.,
Alappuzha - 689 124
Tel. 0479 - 2427371
\Mob. 9446004619

Circulation Manager:
**John Thomas**
Vazhuvelil House
Pandanadu North P.O.,
Kallissery - 689 124
Mob: 9446918942

Please send DD/Cheque drawn in favour of :
Suvisesha Dhwani

E-mail :
suviseshadhwani2011@gmail.com

**05.07.2014**

**REGISTERED**
***Reg. No. RN 29475/78***
**Postal Reg. No. KL / MVK / 188 / 2014-16**
**Licence No. KL/CR/MVK/WPP-01/2014-16**
**Licenced to Post Without Pre-payment**

***If not delivered, please return to :***
**Managing Editor,**
**SUVISESHA DHWANI,**
**Thondiyath puthenveedu, Kallissery P.O.,**
**Alappuzha - 689 124,**
**Kerala, India.**

Printed & Published by Samuel Thomas, Choonattu House, Cheppad P.O., Alappuzha District on behalf of Y.M.E.F. at Evangel Press Thiruvalla, Design: **D**'Club, Kallissery.